പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

III. അടിയന്തിര പ്രമേയം

പ്രീഡിഗ്രിബോർഡ് രൂപീകരണം

മി. സ്പീക്കർ: പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിലുള്ള ഗവൺമെൻറ് തീരുമാനത്തിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികളും അദ്ധ്യാപകരും, സർവ്വകലാശാലാ ജീവനക്കാരും നടത്തുന്ന സമരങ്ങളെ നേരിടാൻ ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള നടപടികളും മൂലം സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയാകെ സ്തംഭിച്ചിരിക്കുന്നതുമൂലം ഉളവായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി ഇന്നത്തെ സഭാ നടപടികളും നിർത്തി വയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഇ.കെ. നായനാർ, കെ.പി. പ്രഭാകരൻ, എ.സി. ഷൺമുഖദാസ്, ബേബിജോൺ, കെ. ചന്ദ്രശേഖരൻ, എം.വി. രാഘവൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിൽ ഗവൺമെൻറ് കൈക്കൊണ്ട നയപരമായ തീരുമാനത്തിൽ പ്രതിഷേധിച്ച് മേയ് 16-ാം തീയതി മുതൽ യൂണിവേഴ്സിറ്റിയിൽ ഒരു വിഭാഗം ജീവനക്കാർ പണിമുടക്കിയിരിക്കുകയാണ്. അതിനുശേഷം കോളേജദ്ധ്യാപകരിൽ ഒരു വിഭാഗവും ഈ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ഈ സമരം തുടങ്ങിയതിനുശേഷം ആദ്യമായിട്ട് പ്രീ-ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിക്കാതിരിക്കുവാനുള്ള തടസ്സങ്ങളാണ് അവർ സൃഷ്ടിച്ചത്. യൂണിവേഴ്സിറ്റിയിലെ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുവാൻ മനഃപൂർവ്വമായ ശ്രമവും യൂണിവേഴ്സിറ്റി ജീവനക്കാരിൽ കുറെപ്പേരുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. ആ സാഹചര്യത്തിൽ അതിനുവേണ്ടിയുള്ള ബദൽ സംവിധാനങ്ങൾ ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള ക്രമീകരണങ്ങൾ ഗവൺമെൻറ് ഏർപ്പെടുത്തുകയും അതനുസരിച്ച് ഉള്ള നടപടികൾ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പ്രീ-ഡിഗ്രി പരീക്ഷാഫലം ഈ മാസം 22-ാം തീയതി പ്രസിദ്ധീകരിച്ചു. കേരളാ, കാലിക്കറ്റ് യൂണിവേഴ്സിറ്റികളിലെ പരീക്ഷാ ഫലങ്ങൾ ഏതു ദിവസവും പുറത്തുവരത്തക്ക രീതിയിലുള്ള ക്രമീകരണങ്ങൾ നടന്നു വരികയാണ്. ടീച്ചിംഗ് സ്റ്റാഫിലും നോൺ ടീച്ചിംഗ് സ്റ്റാഫിലും പെടുന്ന ഒരു വിഭാഗം ആളുകൾ സമരരംഗത്തുണ്ട്. ആകെക്കൂടി കേരളത്തിൽ പരിശോധിക്കുമ്പോൾ സമരം ഭാഗികമായാണ് കോളേജുകളിൽ നടക്കുന്നത്. ഈ ഭാഗികമായ സമരംമൂലം ഇവിടെ വിദ്യാഭ്യാസ രംഗത്ത് യാതൊരു സ്തംഭനാവസ്ഥയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ: സ്പീക്കർ സർ, യാതൊരു സ്തംഭനാവസ്ഥയുമില്ല, വിദ്യാഭ്യാസ മേഖല സുഗമമായി നടക്കുന്നുവെന്ന് ഇരുട്ടത്ത് കുട്ടിച്ചാത്തനെ തപ്പും പോലെ തപ്പുകയാണ് നമ്മുടെ വിദ്യാഭ്യാസമന്ത്രി. ഒരു സ്തംഭനവും ഇവിടെയില്ല എന്നാണ് പറയുന്നത്. ഇന്ന് സ്റ്റുഡൻറ്സിന്റെ ജനറൽ സ്ട്രൈക്കാണ്. ഇന്നലെ മുഴുവനും വൻപിച്ച അസംബ്ലി മാർച്ചായിരുന്നു. അദ്ധ്യാപകരേയും എൻ.ജി.ഒ. മാരേയും കരിനിയമമുപയോഗിച്ച് അറസ്റ്റു ചെയ്യുകയും ലാത്തിച്ചാർജ്ജ് ചെയ്യുകയും ചെയ്യുന്നത് യാതൊരു സ്തംഭനവും ഇല്ലാത്തതുകൊണ്ടാണോ? അദ്ധ്യാപക നേതാക്കൻമാരേയും മറ്റു ജീവനക്കാരേയും മുഴുവൻ കരിനിയമം ഉപയോഗിച്ച് ഇവിടെ നടന്നതുപോലെ അറസ്റ്റ് ചെയ്തത് ഇൻഡ്യാ രാജ്യത്തു എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇതുപോലെ ഒരു കരിനിയമം ഉപയോഗിച്ച ചരിത്രം ഒരുപക്ഷേ ജേക്കബിന്റെ രാഷ്ട്രീയ ജീവചരിത്രം എഴുതുമ്പോൾ വരും. എന്റെ ജീവിത കാലത്ത് കരിനിയമം ഉപയോഗിച്ച് ആയിരക്കണക്കിന് അദ്ധ്യാപകരേയും ജീവനക്കാരെയും അറസ്റ്റു ചെയ്തിട്ടുണ്ട്. ലാത്തിച്ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് നിങ്ങൾക്ക് ഒരു പക്ഷേ എഴുതുവാൻ സാധിക്കും. പക്ഷേ കേരളത്തിന് അത് മറക്കാൻ പ്രയാസമാണ്. ഇവിടെ ഇന്ന് ഇതിനെപ്പറ്റിയുള്ള ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞു. എനിക്കു ഇപ്പോൾ പറയാൻ അവസരമുണ്ടായിരുന്നതുകൊണ്ടാണ് പ്രത്യേകമായി എഴുന്നേറ്റു ചോദിക്കാതിരുന്നത്. ദേശീയ വിദ്യാഭ്യാസ നയം അംഗീകരിച്ചപ്പോൾ യൂണിവേഴ്സിറ്റികളിൽനിന്ന് ഡീലിങ്ക് ചെയ്തത് ഒരു പ്രത്യേക ബോർഡ് രൂപീകരിക്കണമെന്ന്, പാസാക്കിയിട്ടുണ്ടോ? ഇല്ല. പിന്നെ നിങ്ങൾ എന്തിനാണ് സത്യവിരുദ്ധമായി പ്രസ്താവിച്ചത്? അഖിലേന്ത്യാ വിദഗ്ദ്ധൻമാർ ഇവിടെ ചർച്ച ചെയ്ത ഒരു ദേശീയ വിദ്യാഭ്യാസ നയം അതിനുശേഷം പ്രസിദ്ധപ്പെടുത്തിയ 'ചലഞ്ച് ഓഫ് എഡ്യൂക്കേഷൻ' എന്ന പുസ്തകമാണ് എന്റെ കയ്യിലുള്ളത്. ഇതിനകത്ത് ആ നയമുണ്ടോ? ഇല്ല. ഈ അസംബ്ലിയിൽ ചർച്ച ചെയ്തു എന്ന് ദുർബോധനപ്പെടുത്തേണ്ട ആവശ്യമുണ്ടോ? 'ചലഞ്ച് ഓഫ് എഡ്യൂക്കേഷനാണ്' ഇൻഡ്യാ ഗവൺമെൻറ് പാസ്സാക്കിയത്. ഇതാണോ നിങ്ങൾ ഇവിടെ ഇംപ്ലിമെൻറ് ചെയ്യാൻ പോകുന്നത്? ഇതിൽ തന്നെ 26–ാം പേജിൽ നിങ്ങളുടെ ബോർഡിനെപ്പറ്റി പറഞ്ഞതെന്താണ്? ഈ ബോർഡ് രൂപീകരണത്തെക്കുറിച്ച് പ്രസ്താവിച്ചതിനെക്കുറിച്ച് പരിശോധിക്കാം. അതിൽ, Another area which required attention in the system of examination conducted by various boards of secondary education. വേറിയസ് ബോർഡ്സ് എന്നാണ് പറയുന്നത്.

These boards are perpetually the subject of act rimonious controversy for leakage of papers, mass copying, tampering of results and other unethical practices. ഇതാണ് ബോർഡിന്റെ സ്വഭാവം. ഇത് ആര് ഇൻഡ്യാ ചലഞ്ച് ഓഫ് എഡ്യൂക്കേഷൻ എന്നു പറഞ്ഞ് പാസ്സാക്കിയ ആ ഡോക്കുമെൻറ്സിലുള്ളതാണ്. ആ ബോർഡാണ് ഇവിടെ രൂപീകരിക്കുവാൻ പോകുന്നത്. ഇതു നാഷണൽ എഡ്യൂക്കേഷൻസിന്റെ പോളിസിയിൽ ഇല്ല എന്ന് ഇന്നുതന്നെ മന്ത്രി ഒരു തവണ പറഞ്ഞു, പിന്നീടു പറയുന്നു ഇത് നാഷണൽ എഡ്യൂക്കേഷൻ പോളിസിയാണ് എല്ലാം ഞങ്ങൾ അംഗീകരിച്ചതാണെന്ന്.

സർ, കോത്താരി കമ്മീഷൻ റിപ്പോർട്ട് 1966–ൽ പബ്ലിഷ് ചെയ്തു. 1968–ൽ അത് ലോകസഭ പാസ്സാക്കി. അങ്ങനെ പാസ്സാക്കിയതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഈ ബോർഡ് ഇവിടെ രൂപീകരിക്കണമെന്നുണ്ടോ? രൂപീകരിക്കണമെന്നില്ല. നിങ്ങൾ എന്തിനാണ് അത് ഡീലിങ്ക് ചെയ്യുന്നത്?

അതുപോലെതന്നെ നിങ്ങൾ പറഞ്ഞു, പ്രീ-ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കണമെന്ന്. പശ്ചിമ ബംഗാളിനെ ഉദാഹരിച്ചു. പശ്ചിമ ബംഗാളിൽ ആണിനും പെണ്ണിനും വ്യത്യാസമില്ല. രണ്ടാൾക്കും പ്രീ-ഡിഗ്രിവിദ്യാഭ്യാസം സൗജന്യമാണ്. പശ്ചിമബംഗാളും രാജീവ് ഗാന്ധിയുമായുള്ള വ്യത്യാസം എന്താണെന്നു വച്ചാൽ രാജീവ് ഗാന്ധി പെണ്ണിനേ സൗജന്യം നൽകുന്നുള്ളൂ. പശ്ചിമ ബംഗാളിൽ ആണിനും പെണ്ണിനും സൗജന്യമാണ്. അതുപോലെ അവിടെ മാനേജുമെൻറിന്റെ കൊള്ളയുണ്ടോ? കൈക്കൂലി വാങ്ങിക്കൊണ്ടിരിക്കുന്ന കോളേജുകളിൽ പ്രീ-ഡിഗ്രി കോഴ്സ് നടപ്പാക്കാൻ സാധിക്കുമോ? അത് സാധിക്കുകയില്ല. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും കേരളാ യൂണിവേഴ്സിറ്റിയിലും ഉള്ള ആയിരക്കണക്കിന് അദ്ധ്യാപകരെ കരി നിയമം ഉപയോഗിച്ച് അറസ്റ്റു ചെയ്തു. അവരുടെ മേൽ മർദ്ദനം നടത്തി പ്രീ-ഡിഗ്രി ബോർഡ് നടപ്പാക്കാനാണ് നിങ്ങൾ പരിശ്രമിക്കുന്നത്. പ്രീ-ഡിഗ്രി ബോർഡിനെ സംബന്ധിച്ച് നിങ്ങൾ തീരുമാനിക്കുമ്പോൾ പ്രതിപക്ഷവുമായി ആലോചിച്ചിട്ടുണ്ടോ? ഞങ്ങൾ വിദഗ്ദ്ധൻമാരല്ല, ഞങ്ങൾക്ക് വിദഗ്ദ്ധത കുറവാണ്, എങ്കിലും പ്രതിപക്ഷമാണെന്ന് നിങ്ങൾ അംഗീകരിച്ചല്ലോ—ഞങ്ങളുമായി ഒന്നു ചർച്ച ചെയ്തോ?

നമ്മുടെ ഗവർണ്ണറുടെ പ്രസംഗത്തിൽ ഒരു വാചകം ഉണ്ടായിരുന്നു പോലും. അത് വിദ്യാഭ്യാസത്തിന്റെ ചർച്ച വരുമ്പോൾ പോവുകയില്ലേ. ഗവർണ്ണറുടെ പ്രസംഗം മുഴുവൻ നിങ്ങൾ അംഗീകരിച്ചിട്ടുണ്ടോ? കേന്ദ്ര ഗവൺമെൻറിനെതിരായി പ്രസംഗിക്കുവാൻ പാടില്ലായെന്ന് അതിൽ എഴുതി വച്ചിട്ടില്ലേ? മാണിക്ക് സ്ട്രിക്ച്ചർ കൊടുത്തിട്ടില്ലേ, അതിനകത്ത് മാണി എന്നു പേരു കൊടുത്തിട്ടില്ല എന്നേയുള്ളൂ. മിസ്മേനേജുമെൻറ് എന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അത് നിങ്ങൾ അംഗീകരിച്ചിട്ടുണ്ടോ? ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും എഡ്യൂക്കേഷന്റെ ചർച്ച വരുമ്പോഴല്ലേ സീരിയസ്സായി എടുക്കുന്നത്.

ഈ പ്രീ-ഡിഗ്രി ബോർഡ് ഇക്കൊല്ലം രൂപീകരിക്കാനാവില്ലെന്ന് നിങ്ങൾ പറഞ്ഞു. പിന്നെ എന്തിനുവേണ്ടിയാണ് ഈ കരിനിയമം ഉപയോഗിച്ചത്? ഇക്കൊല്ലം ആവില്ലെങ്കിൽ പിന്നെ അടുത്ത വർഷം വിദ്യാഭ്യാസമന്ത്രി നിങ്ങൾതന്നെയായിരിക്കുമെന്നുള്ളതിന് എന്താണുറപ്പ്? അക്കാര്യം ആർക്ക് തീരുമാനിക്കാനാവും? അടുത്തകൊല്ലവും മുഖ്യമന്ത്രിയാകുമെന്ന് വിചാരിക്കുന്ന ശ്രീ. കരുണാകരൻ ഒരു പക്ഷേ ഗവർണ്ണറായിക്കൂടെന്നുണ്ടോ? കരുണാകരനെ ഗവർണ്ണറായിട്ട് ഇവിടെനിന്നും മാറ്റിക്കൂടെന്നുണ്ടോ? അല്ലെങ്കിൽ കരുണാകരൻ പ്രസിഡൻറായികൊള്ളട്ടെ, എനിക്കതിൽ സന്തോഷമേയുള്ളൂ. അതുകൊണ്ട് വരാൻ പോകുന്ന കൊല്ലത്തെപ്പറ്റി ഇപ്പോഴേ ആലോചിക്കേണ്ട ആവശ്യമുണ്ടോ? ആരാണ് മുഖ്യമന്ത്രിയാകുന്നത്, ആരാണ് വിദ്യാഭ്യാസ മന്ത്രിയാകുന്നത് എന്നതിനെക്കുറിച്ചൊന്നും ഇപ്പോൾ ചിന്തിക്കേണ്ട ആവശ്യമില്ല. ബോർഡ് രൂപീകരണവും ഇക്കൊല്ലമില്ലല്ലോ? ഇക്കൊല്ലം ഉണ്ടാകാൻ പോകാത്തതും നാഷണൽ എഡ്യൂക്കേഷൻ പോളിസി അംഗീകരിക്കാത്തതുമായ ഈ ബോർഡ് ഇപ്പോൾ എന്ത് ആവശ്യത്തിനാണ്? നാഷണൽ എഡ്യൂക്കേഷൻ പോളിസി അംഗീകരിച്ചിട്ടില്ലെന്ന് ശ്രീ. ജേക്കബ് തന്നെ ഇവിടെ സമ്മതിക്കുന്നുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ പുസ്തകം എന്റെ കയ്യിലുണ്ട്. പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ് ഈ ബോർഡ് ഇപ്പോഴ നടപ്പിലാക്കാൻ തീരുമാനിച്ചത്? ആയിരക്കണക്കിന് ജീവനക്കാരെ എന്തിനാണ് അറസ്റ്റു ചെയ്തത്? മാത്രമല്ല, ബോർഡ് വന്നുകഴിഞ്ഞാൽ, ഇവിടത്തെ വിദ്യാഭ്യാസരംഗം അഴിമതിയുടെ കൂത്തരങ്ങായി മാറുകയും ചെയ്യും. മാത്രമല്ല +2 വിദ്യാഭ്യാസം നടപ്പാക്കിയിട്ടുള്ള സംസ്ഥാനങ്ങളിലെ ഹയർസെക്കൻറി ബോർഡുകളും അഴിമതിയുടേയും സമസ്തവിധത്തിലുള്ള ദുർനടപടികളുടേയും കൂത്തരങ്ങായി തീർന്നിരിക്കുന്നുവെന്നാണ് അറിയുന്നത്. പ്രൊഫസർ മുണ്ടശ്ശേരിയെകുറിച്ച് ഉദ്ധരിച്ചുകൊണ്ട്, മുണ്ടശ്ശേരി മാസ്റ്ററർ ഇതിനോട്. യോജിക്കുന്നുണ്ട് എന്നുപറഞ്ഞുകൊണ്ട് നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസമന്ത്രി ഒരു ലേഖനമെഴുതി. അതിൽ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നിലപാട് സാധൂകരിക്കുവാൻ ശ്രമിച്ചു. ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാനിപ്പോഴ പോകുന്നില്ല. എന്നാൽ 10-ാം സ്റ്റാൻഡേർഡിനുശേഷം, തൊഴിൽപരമായ ചാനലിലൂടെ വിദ്യാർത്ഥികളെ തിരിച്ചുവിടുന്നതിന് +2 വിദ്യാഭ്യാസ സമ്പ്രദായം പ്രയോജനപ്പെടുത്തണമെന്നാണ് ദേശീയ വിദ്യാഭ്യാസ നയപ്രഖ്യാപന രേഖയിൽ പറയുന്നത്. അതിന് പ്രീ-ഡിഗ്രിബോർഡുമായി യാതൊരു ബന്ധവുമില്ല. അതുമാത്രമല്ല, സംസ്ഥാന പ്ലാനിംഗ്ബോർഡിന്റെ ഹൈലെവൽ കമ്മിറ്റി പ്രീ-ഡിഗ്രി എക്സാമിനേഷന്റെ ഉത്തരവാദിത്വത്തിൽ നിന്നു യൂണിവേഴ്സിറ്റികളെ ഒഴിവാക്കാനാവില്ലെന്നു പറയുന്നു. പക്ഷേ ഇവിടെ ഈ സർക്കാർ ഭാഗികമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എല്ലാവരും തള്ളിക്കളഞ്ഞ ആദിശേഷയ്യാ കമ്മീഷന്റെ ശുപാർശകളെയാണ്. സ്കൂളുകളിൽ +2 കോഴ്സ് ആരംഭിക്കുവാൻ ഈ ഗവൺമെന്റ് തീരുമാനം എടുത്തിട്ടില്ലെന്ന് ലേഖനത്തിൽ നമ്മുടെ വിദ്യാഭ്യാസ മന്ത്രി പറയുന്നു. ഈ തീരുമാനം പിറകേ വരുമെന്ന് ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. അതിൽ പറയുന്നത് It is recommended that immediately any secondary school which is equipped and qualified with the staff and facilities be permitted to start two year course. എന്നാണ്.

ആദിശേഷയ്യാ കമ്മീഷന്റെ റിപ്പോർട്ടിൽ 46-ാം പേജിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. ഇതെന്താണ് കാണിക്കുന്നത്? ശുപാർശകളുടെ വെളിച്ചത്തിൽ +2 കോഴ്സ് സ്കൂളുകളിലേക്ക് മാറ്റാൻ തീരുമാനിക്കാൻ ഗവൺമെന്റിനു കഴിയും. ഇതൊക്കെ ആർക്കുവേണ്ടിയാണ്? കുറെ സ്വകാര്യ മാനേജുമെന്റുകളിൽ നിന്നു കാശു വാങ്ങിയിട്ട് നിശ്ചയിക്കാൻ വേണ്ടിയുള്ള ലക്ഷ്യമാണ് ഇതിന്റെ പിന്നിലുള്ളത്. വിദ്യാഭ്യാസ വിചക്ഷണൻമാർ + 2 വിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളുടെ അന്തഃസത്ത മനസ്സിലാക്കാതെ ഒരു പരിഷ്കരണം വരുത്തി വിദ്യാഭ്യാസ കച്ചവടക്കാർക്ക് ഇഷ്ടംപോലെ നടത്താനുള്ള സൗകര്യം ഇവിടെ ചെയ്തുകൊടുക്കാൻ പാടില്ല. ഇവിടെ വിദ്യാഭ്യാസം വ്യാപാരമാക്കാൻ പാടില്ല. മാത്രമല്ല ഇതിന്റെ ഫലമായി 7000-ത്തോളം ജീവനക്കാർ പുറത്ത്പോകേണ്ടിവരും. മൂവായിരത്തോളം അദ്ധ്യാപകരും ഇതരജീവനക്കാരും മാവിയിൽ പുറത്ത് പോകും. ഇപ്പോഴതന്നെ പ്രൊട്ടക്റ്റഡ് റീച്ചേഴ്സുണ്ട്. അവർക്ക് 8000-ത്തോളം ഉറുപ്പിക പ്രതിവർഷം കൊടുക്കേണ്ടതായിട്ടുണ്ട്. +2 കോഴ്സ് പുറത്തുപോയാൽ 18 കോടി കൊടുക്കേണ്ടിവരും. ഈ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെപ്പോലെ തന്നെ കോളേജുകളിലെ മൂവായിരത്തോളം വരുന്ന അദ്ധ്യാപകർക്കും ഇതര ജീവനക്കാർക്കും കൂടി, മൊത്തം 18 കോടി രൂപ ചെലവഴിക്കേണ്ടിവരും. അതിന് നിങ്ങൾ ബാദ്ധ്യസ്ഥരായിത്തീരും. അതുകൊണ്ടാണ് അദ്ധ്യാപകരും ഇതരജീവനക്കാരും ഇതിനെ എതിർക്കുന്നത്. ഇപ്രകാരം ഗുരുതരമായ ഒരു സ്ഥിതിവിശേഷം വിദ്യാഭ്യാസമേഖലയിൽ വരുത്തി,

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൂലിയും കൊള്ളയും നടത്തുന്ന പ്രൈവറ്റ് മേഖലയ്ക്ക് ഈ രാജ്യത്ത് അഴിഞ്ഞാടുവാൻ വേണ്ടി, സൗകര്യമുണ്ടാക്കികൊടുക്കുന്ന കേന്ദ്ര വിദ്യാഭ്യാസനയത്തിൽ പറയാത്ത പ്രീ-ഡിഗ്രി ബോർഡ് ഇവിടെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്. ഇവിടെ നാറാണത്തുഭ്രാന്തന്റെ വകുപ്പു പോലെ ആക്കിതീർത്തിട്ടുണ്ട് വിദ്യാഭ്യാസവകുപ്പിനെ. അതുകൊണ്ട് ഈ അരാജകത്വം അവസാനിപ്പിച്ച് ഈ പ്രീ-ഡിഗ്രി ബോർഡ് രൂപീകരണ നയത്തെക്കുറിച്ച് പ്രതിപക്ഷവുമായി ചർച്ചചെയ്യണം. പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കാനുള്ള തീരുമാനം നിർത്തിവയ്ക്കുകയും വിദ്യാഭ്യാസ മേഖലയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യണമെന്നാണ് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്. ഇതിനെപ്പറ്റി ചർച്ച ചെയ്യാൻ വേണ്ടി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ച പല കാര്യങ്ങളെ സംബന്ധിച്ചും ചോദ്യോത്തരവേളയിൽ ഞാൻ മറുപടി പറഞ്ഞതാണ്. ഞാൻ അതിൽ ചില കാര്യങ്ങൾ ഒന്നുകൂടി ആവർത്തിക്കേണ്ടതായി വന്നിരിക്കുന്നു. സർ, ഇവിടെ ആയിരക്കണക്കിന് അദ്ധ്യാപകരെ കരിനിയമം ഉപയോഗിച്ച് അറസ്റ്റുചെയ്തുവെന്ന് പറയുന്നത് അവാസ്തവമാണ്. അദ്ധ്യാപകരിൽ വളരെച്ചുരുക്കം എന്റെ ഓർമ്മ ശരിയാണെങ്കിൽ-പത്തിൽ താഴെ മാത്രം 10 പോലും ഉണ്ടെന്ന് എനിക്കുതോന്നുന്നില്ല—അദ്ധ്യാപകരെ സംബന്ധിച്ചു പറയുകയാണെങ്കിൽ ആയിരക്കണക്കിന് അദ്ധ്യാപകരെ ഇവിടെ അറസ്റ്റു ചെയ്തിട്ടില്ല. പിന്നെ ഇത് ഒരു കരിനിയമം ആണെന്നുള്ള അഭിപ്രായമൊന്നും ഈ ഗവൺമെന്റിന് ഇല്ല....(ബഹളം) ....ഞാൻ പറയാം നിങ്ങൾ സാവകാശം ഇരുന്ന് കേട്ടാൽ മാത്രം മതി. ഇവിടെ ഗവൺമെന്റിന് ജനങ്ങളോട് ചില ഉത്തരവാദിത്വങ്ങളൊക്കെയുണ്ട്. അത് വേറെ ഏത് ഗവൺമെന്റിന് ആണെങ്കിലും ഉണ്ട്. ഇവിടെ ഇപ്പോൾ ഗവൺമെന്റ് എടുത്തിരിക്കുന്ന നയപരമായ തീരുമാനത്തോടുള്ള വിയോജിപ്പ് പ്രകടിപ്പിച്ചിരിക്കുന്ന ജീവനക്കാരുണ്ട്. സ്വാഭാവികമായും ജനാധിപത്യ രേണസംവിധാനത്തിൽ ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങളെ സ്വാഗതം ചെയ്യാനും, അതുപോലെ വിയോജിപ്പ് പ്രകടിപ്പിക്കാനും അവർക്കു അതിനെതിരായി അജിറ്റേറ്റുചെയ്യാനും അവകാശമുണ്ട്. എല്ലാമാർഗ്ഗങ്ങളുമുണ്ട്. പക്ഷേ ഇവിടെ സമരക്കാർ ആദ്യം അവലംബിച്ച മാർഗ്ഗമെന്നു പറയുന്നത്, മേയ് മാസം 15-ാം തീയതി കൗൺസിൽ ഒരു പോളിസി ഡിസിഷൻ എടുത്തു. മേയ് 16-ാം തീയതി മുതൽ 'സ്റ്റേറ്റ് ഇൻ സ്ട്രൈക്ക്' എന്ന പേരിൽ ഓഫീസിനകത്ത് കടന്ന് അവിടെ ജോലികൾ മുഴുവൻ മുടക്കി. സർ, വാല്യുവേഷൻ ക്യാമ്പുകൾ പലതും സമാപനത്തിലെത്തിയിരുന്ന സമയമായിരുന്നു. ആ വാല്യുവേഷൻ ക്യാമ്പുകളിൽ പങ്കെടുക്കേണ്ടിയിരുന്ന യൂണിവേഴ്സിറ്റി ജീവനക്കാർ അവിടെ പോകാതെയും പേപ്പർ ഡിസ്ട്രിബ്യൂട്ട് ചെയ്യാതെയുമിരുന്നു....(ബഹളം)....

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത് ദയവായി പറയാൻ അനുവദിക്കൂ. നമുക്ക് പറയാനുള്ളത് പറഞ്ഞാൽ മാത്രം പോരാ മറ്റുള്ളവർ പറയുന്നത് കേൾക്കുകകൂടി ചെയ്യേണ്ടേ?

ശ്രീ.ടി.എം.ജേക്കബ്: സർ, ഇതു സംബന്ധിച്ച് പല വിധത്തിലുള്ള ഊഹാപോഹങ്ങളും ഉണ്ടായിട്ടുണ്ട്. ഗവൺമെന്റിന് ആധികാരികമായി ചില കാര്യങ്ങൾ ഇവിടെ പറയേണ്ടതായിട്ടുണ്ട്. അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യതയുണ്ട്. പ്രത്യേകിച്ചും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് ഇവിടെ ഈ വിഷയം ഉന്നയിച്ചിരിക്കുന്നത്. അതിന്റെ ഗൗരവത്തോടുകൂടിത്തന്നെ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അങ്ങനെ വന്നപ്പോഴാ വാല്യുവേഷൻ ക്യാമ്പുകളുടെ പ്രവർത്തനം മുടങ്ങി. രൂപ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഇവിടെ പ്രീ-ഡിഗ്രി സെൻട്രലൈസ്ഡ് വാല്യുവേഷൻ തുടങ്ങിയതിനുശേഷം കോളേജ് അദ്ധ്യാപകർ ഒരു ഘട്ടത്തിൽ പണിമുടക്കി. അവർ പണിമുടക്കിയത് വാല്യുവേഷൻ വർക്കിനു കൂടുതൽ റെമ്യൂനറേഷൻ വേണമെന്ന് പറഞ്ഞാണ്.

സർ, ഇവിടെ 3 യൂണിവേഴ്സിറ്റികളുടെയും പേപ്പർ വാല്യുവേഷൻ സ്തംഭനാവസ്ഥയിലെത്തിയപ്പോഴാ എന്റെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി, അതിനു പരിഹാരമുണ്ടാക്കി കൊടുത്തു. ഒരു ഘട്ടത്തിൽ അങ്ങനെ നിന്നു. കേരളത്തിൽ ആദ്യമായിട്ടാണ് ഏപ്രിൽ മാസം രണ്ടാം തീയതി 3 യൂണിവേഴ്സിറ്റികളിലും ഒരേ ദിവസം പരീക്ഷകം ആരംഭിക്കുന്നത്. അതിന്റെ സെൻട്രലൈസ്ഡ് വാല്യുവേഷൻ. യൂണിവേഴ്സിറ്റി തന്നെ നിർത്തിയെങ്കിലും ഗവൺമെന്റ് അവരോട് പറഞ്ഞു, നിങ്ങടെ അതിൽ വരുന്ന സാമ്പത്തികച്ചെലവ് നോക്കേണ്ടതില്ല, പരീക്ഷാഫലം കൃത്യമായിട്ടുതന്നെ പ്രസിദ്ധീകരിക്കണം, അതിനുള്ള നടപടികം സ്വീകരിക്കണം എന്ന്. ഗവൺമെന്റിന് അക്കാര്യത്തിൽ വളരെ ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ സെൻട്രലൈസ്ഡ് വാല്യുവേഷൻ നടന്ന ആ വാല്യുവേഷൻ ക്യാമ്പുകം അവസാനിക്കാൻ പോവുകയായിരുന്നു. ഗവൺമെന്റ് സ്വാഭാവികമായും ഈ തീരുമാനമെടുത്തപ്പോഴാ, അവർക്ക് പ്രതിഷേധം ഉണ്ടായിട്ടുണ്ടെങ്കിൽ ഉണ്ടായിക്കൊള്ളട്ടെ. അവർക്ക് അതിൽ പ്രതിഷേധിക്കാം. പക്ഷേ അവർ ചെയ്ത ഹീനമായ, ക്രൂരമായ നടപടി ഈ കുട്ടികളുടെ പരീക്ഷാഫലം പുറത്ത് കൊണ്ടുവരാതിരിക്കുവാനും ഈ പരീക്ഷകം എങ്ങനെയെങ്കിലും അലങ്കോലപ്പെടുത്താനുമാണ്. അതിനെ കണ്ണുമടച്ച് നോക്കിയിരിക്കുവാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. എന്നിട്ടും ഗവൺമെന്റ് ശാന്തമായിരുന്നു. 16-ാം തീയതി അവർ സമരം നടത്തി. അവരുമായി ഞാൻ ചർച്ച നടത്തി. അതിന് അടുത്ത ദിവസം അദ്ധ്യാപകരുമായി ഞാൻ ചർച്ചനടത്തി. എന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകംക്കുശേഷം യൂണിവേഴ്സിറ്റികളിലെ വൈസ്ചാൻസലർമാരെ ഞാൻ ഈ കാര്യങ്ങം ചുമതലപ്പെടുത്തി. അവർ കോഴിക്കോട്ടും കൊച്ചിയിലും തിരുവനന്തപുരത്തുമായി പലപല സന്ദർഭങ്ങളിൽ ജീവനക്കാരുമായി ചർച്ച നടത്തി. അപ്പോഴൊന്നും അവർ അതിൽനിന്നും പിൻതിരിയാൻ തയ്യാറായില്ല. അവരോട് ഞങ്ങം റിക്വസ്റ്റു ചെയ്തു, നിങ്ങം ഈ പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ എങ്കിലും സഹായിക്കണമെന്ന്. ഇവിടെ പ്രതിപക്ഷത്തിരിക്കുന്നവരും ഭരണപക്ഷത്തിരിക്കുന്നവരും ബന്ദ് നടത്തിയിട്ടുണ്ട്. അപ്പോഴാ ആശുപത്രികം, ശുദ്ധജല വിതരണം, ഇലക്ട്രിസിറ്റി ഇവയൊക്കെ നമ്മം ഒഴിവാക്കി കൊടുക്കുന്നതാണ്. എസ്സൻഷ്യൽ സർവീസ് എന്നു പറഞ്ഞ് നമ്മം ഒഴിവാക്കികൊടുക്കുന്നതാണ്. ഈ പരീക്ഷാഫലം പ്രസിദ്ധീകരിക്കാതിരിക്കുവാനുള്ള സകല നടപടികളും സ്വീകരിച്ചപ്പോഴാ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ ബഹുമാനത്തോടുകൂടി പറയുകയാണ് ഒരു വാക്ക് അങ്ങേയ്ക്കോ അങ്ങയുടെ പാർട്ടിയ്ക്കോ ഈ ആളുകളോട് പറയാമായിരുന്നില്ലേ. കുട്ടികളുടെ പരീക്ഷാഫലമെങ്കിലും ഒന്ന് പ്രസിദ്ധീകരിക്കാൻ സഹായിക്കാൻ. ആരും പറഞ്ഞില്ല സർ. അത് വളരെ ദൗർഭാഗ്യകരമായിപ്പോയി.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയാനുള്ളത് പറഞ്ഞു. ഓർഡർ, ഓർഡർ.....

ശ്രീ.ടി.എം.ജേക്കബ്: സർ, അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ വീണ്ടും അവരെ ഒന്നുകൂടി ചർച്ചയ്ക്ക് വിളിച്ചു. സർവീസ്സംഘടനകളുടെ ആളുകളെ അദ്ധ്യാപകസംഘടനകളുടെ ആളുകളെ ജീവനക്കാരുടെ സംഘടനകളെ എല്ലാവരെയും ഞങ്ങൾ വിളിച്ച് സുദീർഘമായി ചർച്ച നടത്തി. ആ സുദീർഘമായ ചർച്ചയിലും അവർ ഈ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്ന നടപടികളുമായി സഹകരിക്കാൻ തയ്യാറായില്ല. അവർ പറഞ്ഞു ഞങ്ങൾ സഹകരിക്കുന്ന പ്രശ്നമേയില്ല. പിന്നെ സർക്കാരിന് ആക്റ്റു ചെയ്തേപറ്റൂ. അതുകൊണ്ട് ഗവൺമെൻറ് ഒരു ഓർഡിനൻസ് ഇറക്കാൻ ഗവർണ്ണറോട് ശുപാർശ ചെയ്തു. ആ ഓർഡിനൻസിൽ പരീക്ഷയും പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും മാത്രമാണ് എസ്സൻഷ്യൽ സർവീസ് ആയി ഞങ്ങൾ ഡിക്ലയർ ചെയ്തത്. ബാക്കിയൊന്നും ഡിക്ലയർ ചെയ്തിട്ടില്ല. പരീക്ഷാനടത്തിപ്പ് മാത്രമാണ് ഞങ്ങൾ എസ്സൻഷ്യൽസർവീസാക്കിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു. ഏതാനും ആളുകളെ അറസ്റ്റുചെയ്യേണ്ടതായിട്ട് വന്നു. കുറെ ജീവനക്കാരെ ഞങ്ങൾ സസ്പെൻഡു ചെയ്തിട്ടുമുണ്ട്. അത് എന്തെങ്കിലും അനാവശ്യ നടപടിയായിപ്പോയിയെന്നുള്ള യാതൊരു ബോദ്ധ്യവും ഗവൺമെൻറിനില്ല. ഈ രാജ്യത്തെ ജനങ്ങളോട് ചെയ്യേണ്ട നീതിയും അവരോട് ചെയ്യേണ്ട ചുമതലയും കടമയും നിറവേറ്റിയെന്നുള്ള ചാരിതാർത്ഥ്യം ഇന്ന് ഈ ഗവൺമെൻറിനുണ്ട്. അതിനുശേഷം ഈ കാര്യങ്ങളെ സംബന്ധിച്ചുള്ള ചർച്ചകൾ പിന്നെയും വന്നു. അവരോട് പറഞ്ഞു നിങ്ങളോട് ഈ കാര്യങ്ങൾ ചർച്ചചെയ്യാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടില്ല എന്ന്. പക്ഷേ അതൊന്നും ചർച്ചയ്ക്ക് വിധേയമാക്കുവാൻ പല ആളുകളും തയ്യാറല്ല. അവർ അവരുടെ ഭാഗത്തുനിന്ന് സമരം നടത്തി. ഗവൺമെൻറ് ചില ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തി, പരീക്ഷാനടത്തിപ്പിന്റെ ക്രമീകരണങ്ങളുമായി മുൻപോട്ടുപോവുകയും ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കാര്യം അങ്ങ് മനസ്സിലാക്കണം. അങ്ങയുടെ മന്ത്രിസഭയിൽ ശ്രീ. ബേബിജോൺ കൂടി മന്ത്രിയായിരുന്ന കാലത്ത് ഇവിടെ കോളേജ് അദ്ധ്യാപകരുടെ സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. അദ്ദേഹം നടത്തിയ ചർച്ചയിലെ ഒരു മിനിറ്റ്സ് ഞാൻ കാണാനിടവന്നു.

സർ, ശ്രീ. ആൻറണി കേരളത്തിന്റെ മുഖ്യമന്ത്രി ആയിരിക്കുമ്പോഴും ഇതുപോലെ പരീക്ഷ നടത്തിപ്പ് അലങ്കോലപ്പെടുത്താൻ അന്നത്തെ അദ്ധ്യാപകർ ശ്രമിച്ചു. അന്ന് ശ്രീ. ആൻറണിയുടെ ഗവൺമെൻറ് ഒരു ഓർഡിനൻസ് കൊണ്ടുവന്നു. പരീക്ഷ ജോലിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ജോലികൾ ഏതെങ്കിലും അദ്ധ്യാപകനോ അനദ്ധ്യാപകനോ യൂണിവേഴ്സിറ്റി ജീവനക്കാരനോ ബഹിഷ്കരിച്ചാൽ പരീക്ഷ തുടങ്ങുന്ന അന്നു മുതൽ രണ്ടു മാസക്കാലത്തേക്ക് ശമ്പളം forbid ചെയ്യാൻ അധികാരപ്പെടുത്തിക്കൊണ്ട് ഒരു നിയമം ഉണ്ടാക്കി. അതിനെ കേരളത്തിലെ അദ്ധ്യാപകർ കരിനിയമം എന്ന് വിശേഷിപ്പിച്ചു. ആ കരിനിയമം പിൻവലിക്കണമെന്ന് ശ്രീ. ബേബി ജോണിന്റെ മുൻപിലും എന്റെ മുൻപിലും പല പ്രാവശ്യം നിവേദനം നടത്തി. അപ്പോൾ ഗവൺമെൻറ് പറഞ്ഞ അഭിപ്രായമിതാണ്. പരീക്ഷാ ജോലികൾ ബഹിഷ്കരിച്ചെങ്കിൽ മാത്രമേ ഈ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകം ഇൻവോക്ക് ചെയ്യേണ്ട ആവശ്യമുള്ളുയെന്ന്. ഒരു സന്ദർഭത്തിൽ ഒരു കോൺഫറൻസിൽ ഞാൻ പറഞ്ഞു. ഒരു ജെൻറിൽമെൻ എഗ്രിമെൻറ് എന്ന നിലയിൽ നിങ്ങം പരീക്ഷാ ജോലികം തടസ്സപ്പെടുത്തുകയില്ല എന്ന് ഒരു വാക്ക് പറഞ്ഞാൽ മതി, ആ വാക്ക് വിശ്വസിച്ചുകൊണ്ട് അത് ഗവൺമെൻറ് പിൻവലിക്കാമെന്ന്. മിനിറ്റ്സിൽ അത് കാണിക്കണ്ടായെന്നും പറഞ്ഞു. പക്ഷേ അവർ പറഞ്ഞു ഞങ്ങൾക്ക് അങ്ങനെ വാക്കുതരാൻ സാദ്ധ്യമല്ലെന്ന്. സ്വാഭാവികമായി നമ്മുടെ രാജ്യത്ത് ഇന്ന് സമരത്തിൻെറ മുറകളും മാർഗ്ഗങ്ങളും അനാശാസ്യമായി പല മേഖലകളിലേക്കും കടന്ന് ചെല്ലുന്നതുകൊണ്ട് ഗവൺമെൻറിന് കർക്കശമായ ചില നടപടികം സ്വീകരിക്കേണ്ടതായി വന്നു. അതുകൊണ്ട് തന്നെയാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതും പരീക്ഷാഫലങ്ങം പുറത്തുകൊണ്ടുവരാനുള്ള നടപടികം സ്വീകരിച്ചതും. അതിൻെറ ഫലമായി കേരളത്തിൽ പരീക്ഷ ഫലങ്ങം കൊണ്ടുവരാൻ കഴിഞ്ഞു. മാറ്റിവച്ച പരീക്ഷകളുണ്ട്. ആ പരീക്ഷകളെല്ലാം ജൂലൈ മാസത്തിൽ നടത്താൻ പോവുകയാണ്. ഇനിയും പരീക്ഷാ പേപ്പറുകം നോക്കാൻ ഉണ്ട്. കുറെ അതിന് നടപടി സ്വീകരിക്കാൻ പോവുകയാണ്. പ്രതിപക്ഷനേതാവിനോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും കേരളാ യൂണിവേഴ്സിറ്റിയിലും പരീക്ഷാവിഭാഗത്തിൽ മാത്രം സൂക്ഷിക്കേണ്ട പരീക്ഷാ സംബന്ധമായ കടലാസുകം, അതിൻെറ നോമിനൽ റോംസ് അതിൻെറ മാർക്കുലിസ്റ്റ്, അതുമായി ബന്ധപ്പെട്ട രേഖകം ഇവയെല്ലാം പല സെക്ഷനുകളിലും കൊണ്ടുപോയി ഒളിപ്പിച്ചുവച്ചു. മിനിഞ്ഞാന്ന് കേരള യൂണിവേഴ്സിറ്റിയിലെ ചപ്പുചവറുകം കൂട്ടിയിട്ടിരുന്ന കൂനകളിൽനിന്നാണ് മൂന്നു കോളേജുകളുടെ മാർക്കുലിസ്റ്റ് യൂണിവേഴ്സിറ്റി കൺട്രോളർ കണ്ടെടുത്തത്. ഇതൊക്കെ ന്യായീകരിക്കണമെന്നാണോ ആളുകം പറയുന്നത്. ഇത്രയും ഹീനമായ ക്രൂരമായ നടപടികം ചെയ്തത് ഏതു ജീവനക്കാരനായാലും ശരി യാതൊരു ദയാദാക്ഷണ്യവും കൂടാതെ അവരുടെ മേൽ നടപടികം സ്വീകരിക്കുമെന്ന് ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്തെ വിദ്യാർത്ഥികളോടും ജനങ്ങളോടും ഉത്തരവാദിത്വമുണ്ട്. സ്വാഭാവികമായും ജീവനക്കാർക്ക് ആശങ്കയോ പ്രതിഷേധമോ ഉണ്ടാകാം. ഞാൻ അത് സമ്മതിക്കുന്നു. ജനാധിപത്യപരമായ രീതിയിൽ അവർ സമരം ചെയ്യുകയോ, പ്രതിഷേധിക്കുകയോ എന്തുവേണമെങ്കിലും ചെയ്യട്ടെ. അതിനോടൊന്നും ഞാൻ വിയോജിപ്പ് പറയുന്നില്ല. പക്ഷേ ഈ സംവിധാനത്തിൽ ഇതുപോലുള്ള നടപടികം സ്വീകരിക്കുന്നത് ആർക്കും നീതീകരിക്കാൻ കഴിയുമെന്ന് എനിക്ക് പ്രതീക്ഷയില്ല. അദ്ദേഹം പറഞ്ഞു തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ സസ്പെൻഡ് ചെയ്തുവെന്ന് ശരിയാണ്. അങ്ങയുടെ കക്ഷികൂടി അധികാരത്തിൽ ഇരുന്ന കാലയളവിൽ നമ്മം പാസ്സാക്കിയ യൂണിവേഴ്സിറ്റി നിയമത്തിൽ ചാൻസലർക്ക് ചില അധികാരങ്ങം കൊടുത്തിട്ടുണ്ട്. ചാൻസലർക്ക് ഈ അധികാരങ്ങം കൊടുത്തിരിക്കുന്നത് യൂണിവേഴ്സിറ്റിയിൽ ഒരുപക്ഷേ ഇങ്ങനെയുള്ള സാഹചര്യങ്ങം ഉണ്ടായാൽ എന്തു ചെയ്യണമെന്നുള്ളതിനെ ആൻറിസിപ്പേറ്റു ചെയ്തു കൊണ്ടാണ്. ഈ യൂണിവേഴ്സിറ്റി നിയമത്തിൽ ചാൻസലർക്ക് കൊടുത്ത അധികാരത്തിൽ സെക്ഷൻ 7(4)—ൽ At an emergency, Chancellor shall have the right to suspend or dismiss any authority of the University. എന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സസ്പെൻറ് ചെയ്യാനും ഡിസ്മിസ്സു ചെയ്യാനുമുള്ള അധികാരമുണ്ട്. ജനാധിപത്യ യുഗത്തിൽ എവിടെയെങ്കിലും കേട്ടു കേൾവിയുണ്ടോയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങു ചോദിച്ചു. ഒറീസ്സയിൽ മൂന്നു നാല് ആഴ്ചകൊണ്ട് മുമ്പ് അവിടത്തെ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ, സിൻഡിക്കേറ്റ്, സെനറ്റ് അടക്കം സകല സമിതികളെയും ഗവർണ്ണർ ഡിസ്മിസ് ചെയ്തതിനുശേഷം അവിടുത്തെ ചീഫ് സെക്രട്ടറിയെ അഡ്മിനിസ്ട്രേറ്ററാക്കി വച്ചുകൊണ്ട് അവിടത്തെ യൂണിവേഴ്സിറ്റിയുടെ ഭരണം അഡ്മിനിസ്ട്രേറ്ററുടെ കൈയിൽ ഏൽപ്പിച്ചു കൊടുത്തു. ഒരു പ്രത്യേക സാഹചര്യം വന്നപ്പോൾ അങ്ങനെ ചെയ്തു. ഇന്ത്യയിലെ മറ്റു ചില സ്റ്റേറ്റുകളിലും ഇത് ചെയ്തിട്ടുണ്ട്. ഇവിടെ ഗവൺമെന്റ് ഡിസ്മിസ്സ് ചെയ്തില്ല. പരീക്ഷാഫലം പുറത്തുകൊണ്ടുവരണമെന്നുള്ള ആഗ്രഹം ഞങ്ങൾക്കുണ്ടായിരുന്നു. കേരളാ യൂണിവേഴ്സിറ്റിയിൽ പല സബ് കമ്മിറ്റികളും ഉണ്ടാക്കിവച്ചിട്ടുണ്ട്. പരീക്ഷാകമ്മിറ്റിയുടെ നേതൃത്വം വഹിക്കുന്നത് ശ്രീ. രാജൻ എന്നു പറയുന്ന ഒരു സിൻഡിക്കേറ്റ് മെമ്പറാണ്. അദ്ദേഹത്തിന് ഈ സമരത്തോടുള്ള സമീപനവും പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനോടുള്ള അദ്ദേഹത്തിന്റെ സമീപനവും എന്താണെന്ന് അദ്ദേഹം പത്രങ്ങൾക്കുനൽകിയ പ്രസ്താവനകളിലും ലേഖനങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. അത് ഞാൻ ഇവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ ഒരു സമീപനം സ്വീകരിക്കാൻ വൈസ് ചാൻസലറോട് ഗവൺമെന്റ് ആവശ്യപ്പെട്ടു. ഗവൺമെന്റിന് ഇതിൽ ഉത്തരവാദിത്വമുണ്ട്. ഈ നിയമസഭയ്ക്ക് അല്ലെങ്കിൽ ഈ സംസ്ഥാനത്തിന് ഉത്തരവാദിത്വമുള്ളതുകൊണ്ട് ഞങ്ങൾ ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് വൈസ്ചാൻസലർമാരോട് പറഞ്ഞു പ്രീ-ഡിഗ്രി പരീക്ഷാഫലം 22-ാം തീയതി പ്രസിദ്ധീകരിക്കണമെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിൽവച്ച് മുഖ്യമന്ത്രി അവർക്ക് ഈ നിർദ്ദേശം കൊടുത്തു. അവർ അപ്പോൾ പറഞ്ഞു ഇപ്പോഴത്തെ സിൻഡിക്കേറ്റു വച്ചുകൊണ്ട് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിരിക്കുന്നുവെന്ന്. എന്താണ് ഇതിന് കാരണങ്ങൾ എന്നു ചോദിച്ചു. ചില വാല്യുവേഷൻ സെൻറുകളിൽ ചെന്ന് ചില യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങൾ കാണിച്ച നടപടികളെക്കുറിച്ച് ചോദ്യോത്തരവേളയിൽ ഞാൻ പറഞ്ഞതാണ്. അതുപോലെതന്നെ പരീക്ഷാഫലപ്രസിദ്ധീകരണവുമായി ബന്ധപ്പെട്ടു രൂപീകരിച്ചിരിക്കുന്ന കമ്മിറ്റികളും, അതിന്റെ അനന്തരനടപടികളുമെല്ലാം അവർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഇപ്പോഴത്തെ ചില സിൻഡിക്കേറ്റുകൾ വച്ചുകൊണ്ട് ചെയ്യാനുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന് അനുഭവപ്പെട്ടു. അതുകൊണ്ടുതന്നെയാണ് ആ സിൻഡിക്കേറ്റുകളെ ഈ പരീക്ഷാഫല പ്രസിദ്ധീകരണനടപടികളിൽ നിന്ന് മാറിനിറുത്താനുള്ള തീരുമാനം ഗവൺമെന്റ് എടുത്തത്. യൂണിവേഴ്സിറ്റി നിയമം അനുശാസിക്കുന്നതനുസരിച്ച് സിൻഡിക്കേറ്റാണ് പരീക്ഷ നടത്തേണ്ടതും ഫലം പ്രസിദ്ധീകരിക്കേണ്ടതും. യൂണിവേഴ്സിറ്റി നിയമത്തിൽ അതുതന്നെയാണ് പറയുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ഈ സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ പ്രീ-ഡിഗ്രി പരീക്ഷാഫലങ്ങളും മറ്റു പരീക്ഷാഫലങ്ങളും പുറത്തുകൊണ്ടുവരുന്നതിന് പലരും തടസ്സങ്ങൾ സൃഷ്ടിക്കുമെന്ന് എനിക്ക് ഉത്തമബോദ്ധ്യമായതുകൊണ്ടും, വൈസ്ചാൻസലർ അത് പറഞ്ഞതുകൊണ്ടും, ഇക്കാര്യത്തിൽ ഗവൺമെന്റിന് ഉത്തമബോദ്ധ്യമുണ്ടായപ്പോൾ ഗവൺമെന്റ് ഇക്കാര്യത്തിൽ ചാൻസലറോട് ശുപാർശ ചെയ്തു. ചാൻസലർക്ക് ഈ നിയമസഭ നൽകിയിരിക്കുന്ന അധികാരങ്ങളുപയോഗിച്ച് ചില നടപടികൾ സ്വീകരിക്കുകയും അങ്ങനെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അനാവശ്യമായ എന്തെങ്കിലും നടന്നുവെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ള പ്രതീക്ഷ ഞങ്ങൾക്കില്ല. ഈ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു 18 കോടി രൂപയുടെ അധിക ച്ചെലവ് ഉണ്ടാകുമെന്ന്. എന്നാൽ ശ്രീ. താമരാക്ഷൻ പറഞ്ഞു 700 കോടി രൂപയുടെ അധികച്ചെലവ് ഉണ്ടാകുമെന്ന്. സർ, ഇതൊക്കെ ഭാവനയിൽ നമുക്ക് ഓരോരുത്തർക്കും പറയാൻ കഴിയുന്ന കണക്കുകളാണ്. പ്രതിപക്ഷനേതാവ് പറഞ്ഞു 18 കോടി രൂപയുടെ അധികച്ചെലവുവരുമെന്ന്.

ശ്രീ. ബേബി ജോൺ: സർ, പ്രതിപക്ഷനേതാവ് പറഞ്ഞത് പ്രൊട്ടക്ടഡ് ടീച്ചേഴ്സിനും നോൺ ടീച്ചിംഗ് സ്റ്റാഫിനും കൊടുക്കേണ്ടിവരുന്ന ശമ്പളം 18 കോടിയിൽ അധികമാകുമെന്നാണ്.

ശ്രീ. ടി.എം. ജേക്കബ്: സർ, സ്വാഭാവികമായും ഈ അധികച്ചെലവിനെ സംബന്ധിച്ച് പല ആളുകളും പല കണക്കുകളും പറയുന്നുണ്ട്. അതു കൃത്യമായിട്ട് വർക്ക് ഔട്ട് ചെയ്തെങ്കിലേ എനിക്ക് നിയമസഭയിൽ പറയാൻ കഴിയുകയുള്ളൂ. മന്ത്രി എന്നുള്ള നിലയിൽ ഒരു ഗവൺമെന്റിനുവേണ്ടി മറുപടി പറയുമ്പോൾ ഞാൻ പറയുന്ന രേഖകൾ കൃത്യമായിരിക്കണം. അതിന്റെ കൃത്യമായിട്ടുള്ള അധികച്ചെലവ് അല്ലെങ്കിൽ ഇപ്പോഴുള്ള ടീച്ചേഴ്സിനെ വച്ചുകൊണ്ടുതന്നെ അഡ്ജസ്റ്റ് ചെയ്യാൻ കഴിയുമോ ഇങ്ങനെയുള്ള എല്ലാ മോഡസ് ഓപ്പറാൻറികളും വർക്ക് ഔട്ട് ചെയ്യേണ്ടതായിട്ടുണ്ട്. അതിന്റെ അവസാനരൂപം കിട്ടിക്കഴിഞ്ഞ് വൈസ് ചാൻസലറുടെ കമ്മിറ്റിയ്ക്കുശേഷം സഭയെ അറിയിക്കുവാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് കൂടുതലൊന്നും ഇപ്പോൾ പറയാൻ കഴിയുകയില്ല. അതുപോലെ തന്നെ അദ്ദേഹം പറഞ്ഞു 7000-ൽ അധികം ടീച്ചേഴ്സുണ്ടാകുമെന്ന്, അതുപോലെ 3000-ത്തോളം മറ്റു ജീവനക്കാർ അധികപ്പറ്റാകുമെന്ന്. ഗവൺമെന്റ് ഒരു കാര്യം വളരെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഇന്ന് നമ്മുടെ സംസ്ഥാനത്ത് സർവ്വീസിലുള്ള അദ്ധ്യാപകരെയോ, അനദ്ധ്യാപകരേയോ മറ്റു ജീവനക്കാരെയോ പ്രീ-ഡിഗ്രി ബോർഡിന്റെ രൂപീകരണം മൂലം പറഞ്ഞയക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അവരുടെ ആരുടെയും ജോലി നഷ്ടപ്പെടുത്താനും ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അവരുടെ സേവനവേതന വ്യവസ്ഥകൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് ഈ നടപടി സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അദ്ദേഹം പറഞ്ഞ രണ്ടു പോയിന്റുകൾക്കുകൂടി മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. അദ്ദേഹം ചോദിച്ചു നാഷണൽ പോളിസിയിൽ ഇത് പറഞ്ഞിട്ടുണ്ടോയെന്ന്? നാഷണൽ പോളിസിയിൽ ഇത് പറഞ്ഞിട്ടുണ്ട്. അതിന് ആധികാരികമായ രണ്ടു രേഖകൾ ചോദ്യോത്തരസമയത്ത് പറഞ്ഞിട്ടുണ്ട്. അങ്ങയുടെ ശ്രദ്ധയ്ക്കുവേണ്ടി ഒന്നുകൂടി ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവൺമെന്റിന് എൻ.സി.ഇ.ആർ.റ്റി. യിൽനിന്നുലഭിച്ച കത്തും അതുപോലെതന്നെ വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന ശ്രീ. പി.വി. നരസിംഹറാവു ഗവൺമെന്റിന് അയച്ചകത്തും

ശ്രീ. ഇ.കെ. നായനാർ: സർ, പ്രീ-ഡിഗ്രി ബോർഡ് എന്ന പദം നഷണൽ പോളിസിയിലുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: സർ, പ്രീ-ഡിഗ്രി എന്ന ടെക്നിക്കൽ വേഡ് ഇതിനകത്തില്ല. നിങ്ങളുടെ ക്ലാരിഫിക്കേഷനുവേണ്ടി ക്ലീയറാക്കാം. 10+2+3 എന്ന പാറ്റേണിൽ 10 എവിടെയായിരിക്കണം 2 എവിടെയായിരിക്കണം 3 എവിടെയായിരിക്കണം എന്ന കാര്യങ്ങളാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

1968–ൽ നമ്മുടെ രാജ്യത്ത് കോത്താരി കമ്മീഷൻ റിപ്പോർട്ടിനുശേഷം അഡോപ്റ്റ് ചെയ്ത നാഷണൽ പോളിസിയിൽ നമ്മാം പറഞ്ഞിരിക്കുന്ന 10+2+3 പാറേറൺ പറഞ്ഞിട്ടുണ്ട്. അതിനകത്ത്

10 A.M.] കോത്താരി ശുപാർശ ചെയ്തതും, ദേശീയതലത്തിൽ അംഗീകരിക്കുന്നതും +2 എന്നു പറയുന്നത് യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലെന്നും അത് സെക്കൻറി വിദ്യാഭ്യാസത്തിന്റെ തുടർച്ചയാണെന്നും +2 കോഴ്സിന് ഒരു പ്രത്യേക സംവിധാനം വേണമെന്നും പറഞ്ഞിട്ടുണ്ട്. സർ, ആ നാഷണൽ പോളിസിയിൽ നമ്മാം ഭേഗതികരം വരുത്തിയിട്ടില്ല. ആ ഒരു കാര്യത്തിൽ, three language formula–യിലും നമ്മാം മാറങ്ങാം വരുത്തിയിട്ടില്ല. ഈ നാഷണൽ പോളിസിയുടെ രൂപീകരണ ചർച്ച 1984–ൽ തുടങ്ങിയതിനുശേഷം അവസാനംവരെയുള്ള മുഴുവൻ ചർച്ചകളിലും പങ്കെടുത്ത ഇൻഡ്യയിലെ ഒരു വിദ്യാഭ്യാസമന്ത്രിയാണ് ഞാൻ. ആ ചർച്ചകളിൽ മുഴുവൻ പങ്കെടുത്ത ഒരാളെന്ന നിലയിൽ എനിക്ക് ഇക്കാര്യത്തിൽ ഉത്തമബോദ്ധ്യമുണ്ട്. അതിനെത്തുടർന്ന് സംസ്ഥാന ഗവൺമെൻറിന് കിട്ടിയിരിക്കുന്ന രേഖയിൽ പറഞ്ഞിരിക്കുന്നത് ".....The Higher Secondary stage of education as the important transition stage in 10+2+3 pattern of education as envisaged in the 1968 Education Policy and reiterated in the National Policy on education, 1986. N.C.E.R.T. has already initiated action for reviewing the curriculum at the higher secondary stage and it is proposed to actively involve the State Directorate of Education in the process of finalisation of curriculum frame-work for this State. In this context, I would like to state that the constitution of a separate Pre-degree Board by the Government of Kerala to look after all matters related to the higher secondary stage is a move in the right direction." സർ, ഇതൊരു ആധികാരികമായ രേഖയാണ്. അതുപോലെതന്നെ പ്രീ-ഡിഗ്രിബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചതിനുശേഷം കഴിഞ്ഞ 16–ാം തീയതി ശ്രീ. പി.വി. നരസിംഹറാവുവിന് ഞാൻ അയച്ച കത്തിന് മറുപടിയായി അദ്ദേഹം എനിക്കയച്ചുതന്ന കത്തിൽ ഇങ്ങനെ പറയുന്നുണ്ട്. "In order to provide for diversification of school courses, with a special emphasis on vocationalisation, it is necessary that, plus 2 stage is a part of higher secondary school system. That is why, it has been our stand, (our stand means, the stand of the Central Government.) That in the 10+2+3 pattern, only the three year Degree Course should be a part of the University System....." ഇത് വളരെ ക്ലീയറാണ്. അതിനകത്ത് +3 എന്നു പറയുന്നത് മാത്രമാണ് യൂണിവേഴ്സിറ്റി സിസ്റ്റത്തിന്റെ ഭാഗമെന്ന് പറയുന്നത്. 'This is our stand' എന്നു പറഞ്ഞാൽ സെൻട്രൽ ഗവൺമെൻറിന്റെ മന്ത്രി എഴുതുമ്പോാം കേന്ദ്രഗവൺമെൻറിന്റെ പോളിസി തന്നെയാണ്. "I am happy to note that in consonance with this, you have initiated measures to de-link Pre-degree Course from the Universities" സർ, ഇതിൽ കൂടുതൽ ആധികാരികമായ രേഖ ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമില്ല. വളരെ ആധികാരികമായിതന്നെ ഗവൺമെൻറ് ഇക്കാര്യം ചെയ്തിരിക്കുന്നു. പിന്നെ ഇത് ഇവിടെ ഉണ്ടാക്കിയാൽ കൈക്കൂലിയും അഴിമതിയും വർദ്ധിക്കുമെന്ന് പ്രതിപക്ഷനേതാവു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഒരു കാര്യം കൂടി ചെയ്യാം. അടുത്ത ഒരു ദിവസം ഞാൻ കൽക്കട്ടയിൽ ഒന്നുകൂടി പോകുന്നുണ്ട്. പ്രതിപക്ഷനേതാവിന്റെ കക്ഷി ഭരിക്കുന്ന ഒരു സ്റ്റേറ്റിൽ, അവിടെ ഈ സംവിധാനത്തിൽ the Higher Secondary Examinations are being conducted and administrative by the West.

LIBRARY ARCHIVES Kerala Legislative Assembly

Bengal Council for Higher Secondary Education. The pattern of education followed is 10+2+3 എന്നാണ് പറഞ്ഞിരിക്കുന്നത്. +2 എന്നു പറയുന്നത് ഒരു പ്രത്യേക സംവിധാനത്തിന്റെ കീഴിലാണ്. ഇൻഡ്യയിൽ ഏറ്റവും എഫക്ടീവായിട്ട് ഇത് നടപ്പിലാക്കിയിരിക്കുന്ന രണ്ട് സ്റ്റേറ്റുകളാണ് ബംഗാളും ഒറീസ്സയും. അങ്ങയുടെ കക്ഷി ഭരിക്കുന്ന ആ സ്റ്റേറ്റിൽ വളരെ ഭംഗിയായി കാര്യങ്ങൾ നടക്കുന്നുണ്ട്. അവിടെ കിട്ടുന്ന നൻമകൾ നമ്മുടെ പിള്ളേർക്കുംകൂടി കിട്ടിക്കോട്ടെ. നിങ്ങൾ എന്തിനാണ് വേവലാതിപ്പെടുന്നത്. അതുകൊണ്ട് രാജ്യത്തിന്റെ പൊതുനന്മയ്ക്കും ഉത്തമ താൽപ്പര്യത്തിനും വേണ്ടി നമ്മുടെ ദേശീയ നയത്തിന് അനുകൂലമായി ഈ സംസ്ഥാനഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്ന തീരുമാനമാണ് ഹയർ സെക്കൻറിറിബോർഡ് അല്ലെങ്കിൽ പ്രീ-ഡിഗ്രിബോർഡ് രൂപീകരിക്കുകയെന്നുള്ളത്. പ്രീ-ഡിഗ്രി ബോർഡെന്നുള്ള വാക്ക് നാഷണൽ പോളിസിയിൽ ഇല്ലെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ, 10 കഴിഞ്ഞതിനുശേഷമുള്ള രണ്ടുവർഷകോഴ്സ്, അതിന്റെ പേര് വേണമെങ്കിൽ മാറ്റാം. അതിന് യാതൊരു വിരോധവുമില്ല. പിന്നെ പ്രീ-ഡിഗ്രി ബോർഡെന്നുള്ള പേരിനെക്കുറിച്ച് ആർക്കെങ്കിലും അലർജിയുണ്ടെങ്കിൽ പേര് മാറ്റാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഞങ്ങളുടെ ലക്ഷ്യമെന്ന് പറയുന്നത് +2 കോഴ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് മാറ്റണം. യൂണിവേഴ്സിറ്റിയിൽനിന്നും മാറ്റി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയുടെ കീഴിൽകൊണ്ടുവന്ന് +2 കോഴ്സിന് ദേശീയതലത്തിൽ ഇന്ന് കൊടുത്തിരിക്കുന്ന എല്ലാ കാഴ്ചപ്പാടും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നല്ല സംവിധാനം ഈ രാജ്യത്ത് നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. സർ, ഞാൻ ആദ്യം പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുകയാണ്. ഇവിടെ സമരം മൂലം പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. ഈ വിശദീകരണങ്ങൾ ജീവനക്കാരും മനസ്സിലാക്കുമെന്ന പ്രതീക്ഷ എനിക്കുണ്ട്. സമര രംഗത്ത് നിൽക്കുന്ന ഒരു വിഭാഗം അധ്യാപകരും ഇതോടുകൂടി പിൻമാറും. അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും സമരമൊന്നും കോളേജിന്റെ നടത്തിപ്പിനെ ബാധിച്ചിട്ടില്ല. യൂണിവേഴ്സിറ്റിയിൽ ഞങ്ങൾ ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നു ഒന്നുകൂടി അങ്ങയെ ഞാൻ അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനു അനുമതി നിഷേധിക്കുകയാണ്.

ശ്രീ. ഇ.കെ. നായനാർ: സർ, ഒന്നാമത് പോളിസി ആൻഡ് പെഴ്സ് പെക്ടീസ് എന്നു പറഞ്ഞ ഈ രേഖയിൽ പ്രീ-ഡിഗ്രി ബോർഡ് ഇല്ലെന്ന് മന്ത്രി സമ്മതിച്ചതിന്റെ വെളിച്ചത്തിൽ ഈ ബോർഡ് രൂപീകരിക്കാനുള്ള തീരുമാനം നിറുത്തിവയ്ക്കണം. രണ്ടാമത് പ്രതിപക്ഷനേതാക്കൻമാരുമായി ആലോചിച്ചതിനുശേഷം മാത്രമേ പ്രൊസീഡ് ചെയ്യാൻ പാടുള്ളൂ. ഞങ്ങൾ എല്ലാവരുമായിട്ട് ആലോചിച്ചു എന്നു പറഞ്ഞു. ആരുമായിട്ട് ആലോചിച്ചു? ഈ കേരളത്തിൽ ആരുമായിട്ടും ആലോചിച്ചിട്ടില്ല. ഇവിടത്തെ പ്രതിപക്ഷത്തുള്ളവർ വലിയ വിദഗ്ദ്ധൻമാരായിരിക്കുകയില്ല. എങ്കിലും അവരും നേതാക്കൻമാരായിപോയി. അതാണ് ബുദ്ധിമുട്ട്. അവരുമായിട്ട് ചർച്ച ചെയ്തില്ല. ഈ തരത്തിൽ കരിനിയമം പാസ്സാക്കിയതിന്റെ വെളിച്ചത്തിൽ നമ്മുടെ വിദ്യാഭ്യാസമേഖലയിലെ ലക്ഷക്കണ

LIBRARY ARCHIVES Kerala Legislative Assembly

ക്കിനു് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വിഷമങ്ങളും കഷ്ടപ്പാടുകളും വരുത്തിവയ്ക്കാനും, വിദ്യാഭ്യാസ മേഖലയെ സ്വകാര്യ താൽപ്പര്യക്കാർക്കു് കുരുതി കൊടുത്തുകൊണ്ടു്, അവരുടെ വരുതിയിൽ കൊണ്ടു വരാനുമുള്ള ശ്രമം ഈ ബോർഡിന്റെ കാര്യത്തിലും മറ്റും സ്വീകരിച്ചതുകൊണ്ടു് ചർച്ച ചെയ്യാൻ സഭ നിറുത്തി വയ്ക്കണമെന്നാണു് എന്റെ അഭിപ്രായം. അതു് നിഷേധിച്ചതുകൊണ്ടു് ഞാൻ വാക്കൗട്ടു് നടത്തുകയാണു്.

(ശ്രീ. ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രീ. കെ.പി. പ്രഭാകരൻ: സർ, വളരെ വാചാലമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി അവസാനം പറഞ്ഞ കാര്യം തന്നെയാണിവിടെ ചർച്ചാവിഷയമാക്കണമെന്നു് പറഞ്ഞകാര്യം. ഇവിടെ വിദ്യാഭ്യാസരംഗത്തു് യാതൊരു സ്തംഭനവും ഒരു പ്രശ്നവുമില്ലെന്നു വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. രണ്ടാമതു് പറഞ്ഞതു് ഇതിൽ പ്രതിഷേധിച്ചു് സമരം ചെയ്യുന്ന യൂണിവേഴ്സിറ്റി ജീവനക്കാരെയും അദ്ധ്യാപകരേയുമൊക്കെ അടിച്ചു് ശരിപ്പെടുത്തുമെന്നാണു്. ഇതു് ഒരു ജനകീയ മന്ത്രിയിൽ നിന്നും പ്രതീക്ഷിക്കേണ്ടതല്ല. ആ പ്രശ്നമാണു് ഇവിടെ ചർച്ച ചെയ്യേണ്ടതു്. മെരിറ്റിനെപ്പറ്റി ചർച്ച ചെയ്യാൻ ഇനിയും സമയമുണ്ടു്. അദ്ദേഹം പണ്ടത്തെ സർ സി.പി. യുടെ സ്വരത്തിലാണു് സംസാരിച്ചതു്. ആ സർ സി.പി. എങ്ങനെയാണു് തിരുവിതാംകൂറിൽനിന്നു് പോയതെന്നുകൂടി ഇതു പറയുമ്പോഴെങ്കിലും അദ്ദേഹം ആലോചിക്കണം. ഇവിടെ മേയു് 15-ാം തീയതി ഒരു സുപ്രഭാതത്തിൽ യൂണിവേഴ്സിറ്റി ജീവനക്കാർ ഒരു സംഭവമുണ്ടാക്കി. വിദ്യാർത്ഥികളുടെ പരീക്ഷ പേപ്പറുകളുടെ ടാബുലേഷനു് തടസ്സമുണ്ടാക്കി. അതുകൊണ്ടു്, എന്തുകൊണ്ടു് പ്രതിപക്ഷം പ്രതിഷേധിച്ചില്ലെന്നു് ഇന്നലെ മുഖ്യമന്ത്രി ചോദിച്ചു. പെട്ടെന്നു് ഒരു സുപ്രഭാതത്തിലുണ്ടായ സംഭവമാണോ? ഇവിടെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ചർച്ച നടക്കുന്ന സമയത്തുതന്നെ ഇങ്ങനെയൊരു പുതിയ സാഹചര്യമുപയോഗിച്ചു് +2 വിദ്യാഭ്യാസ സ്വകാര്യ മേഖലയ്ക്കു് അടിയറ വയ്ക്കാൻവേണ്ടിയുള്ള ഗൂഢാലോചന നടത്തിക്കൊണ്ടുള്ള പ്രവർത്തനം ആരംഭിച്ചു. പ്രീ-ഡിഗ്രിബോർഡു് സംബന്ധിച്ചു പ്രഖ്യാപനങ്ങൾ വരാൻ തുടങ്ങി. ക്യാബിനറ്റു് 15-ാം തീയതിയാണു് തീരുമാനിച്ചതെന്നുള്ളതു് ശരിയാണു്. അതിനുമുൻപു് ഈ പ്രഖ്യാപനങ്ങൾ വരാൻ തുടങ്ങിയപ്പോഴേതന്നെ യൂണിവേഴ്സിറ്റി അദ്ധ്യാപകരും വിദ്യാർത്ഥികളും ഇതിനെതിരായി ശബ്ദമുയർത്തിയതാണു്. യൂണിവേഴ്സിറ്റി ജീവനക്കാരും അദ്ധ്യാപകരും, വിദ്യാർത്ഥികളും ഈ രംഗവുമായിട്ടു് ബന്ധപ്പെട്ട ആരും ഈ തീരുമാനം അംഗീകരിക്കുന്നില്ല. അങ്ങനെയുള്ള ഒരു വിഷയമാണു് രണ്ടുലക്ഷം വിദ്യാർത്ഥികളുടെ പരീക്ഷാ പേപ്പറുകളുടെ വാലുവേഷൻ തുടങ്ങി ക്യാമ്പുകൾ നടക്കുന്നതിന്റെ മദ്ധ്യത്തിൽ ഇവിടെ ക്യാബിനറ്റ് തീരുമാനമെടുത്തു് മനഃപ്പൂർവ്വം കുഴപ്പംസൃഷ്ടിച്ചതു്. എന്നിട്ടു് അതിനെ പ്രതിഷേധിക്കാൻ ഈ രാജ്യത്തെ ജനാധിപത്യ സംവിധാനത്തിലെ ജനങ്ങൾക്കു് പാടില്ലെന്നു് ആരാണു് പറഞ്ഞതു്. അതിനോടു് ബന്ധപ്പെട്ട ഈ രാജ്യത്തിലെ സി.ഐ.റ്റി.യു. കാർക്കും വിദ്യാർത്ഥികൾക്കും ഐ.എൻ.ടി.യു.സി. കാർക്കും ആർക്കും പ്രതിഷേധിക്കാൻ പാടില്ലേ? ഇതുപോലുള്ള നയപരമായ തീരുമാനം ഗവൺമെന്റു് എടുക്കുമ്പോഴെങ്കിലും അതിനെപ്പറ്റി അഭിപ്രായം പറയാനും, അതു് തെറ്റാണെങ്കിൽ പ്രതിഷേധിച്ചു് പണിമുടക്കാനും കരിങ്കൊടി പ്രദർശിപ്പിക്കാനും ജനങ്ങൾക്കവകാശമുണ്ടു്. ഇതൊക്കെ നമ്മുടെ ദേശീയ സമരത്തിന്റെ ഭാഗമാണു്. പ്രതിഷേധം പ്രകടിപ്പിച്ചവരെ എങ്ങനെയാണു് ഗവൺമെന്റു്

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടത്. ഇവിടെ പാളയത്തുവച്ച് എന്തൊക്കെ ഭീകരമായ മർദ്ദനങ്ങളാ നടത്തി. ആയിരത്തിൽ ചിലപ്പോൾ യൂണിവേഴ്സിറ്റി ജീവനക്കാരുള്ളതിൽ പകുതിയിലധികം ആളുകളേയും അറസ്റ്റ് ചെയ്തത് സസ്പെൻഡ് ചെയ്തത് കേസ്സെടുത്തിട്ടാണ് ഇവിടെ പ്രശ്നമില്ലെന്ന് പറയുന്നത്. ഇപ്പോഴും സസ്പെൻഡ് ചെയ്തത് സസ്പെൻഡ് ചെയ്തത് അവസാനം കൈ കുഴഞ്ഞിരിക്കുകയാണ്. ആ ഒരു സ്ഥിതിയിൽ വരെ കൊണ്ടെത്തിച്ചിരിക്കുകയാണ്. കുറെ പോലീസുദ്യോഗസ്ഥൻമാരേയും മന്ത്രിമാരുടെ സേവകൻമാരായിട്ടുള്ള കുറെ കോളേജ് അദ്ധ്യാപകരെയും കൊണ്ടുവന്ന് വച്ച് വാല്യുവേഷന്റെ എല്ലാ തത്വങ്ങളേയും മറി കടന്ന് ഫാസ്സ് നമ്പറു മൊക്കെ മാറ്റി, ഇഷ്ടമുള്ള പേപ്പറുകളും എടുപ്പിച്ച് ഇഷ്ടമുള്ള ആളുകൾക്ക് വാല്യുവേഷനും കൊടുത്ത് എല്ലാം താറുമാറാക്കിയിരിക്കുന്നു, വിദ്യാഭ്യാസ രംഗത്തെ കുത്തിക്കലക്കിയിരിക്കുന്നു. എന്നിട്ടാണ് ഒരു പ്രശ്നവുമില്ലെന്നു പറയുന്നത്. അതുകൊണ്ടാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. ഇങ്ങനത്തെ ഒരു സ്ഥിതി എന്തിനാണ് ഇവിടെ സൃഷ്ടിച്ചത്. അടുത്ത കൊല്ലം നടപ്പാക്കേണ്ട കാര്യത്തിന് ഒരു തയ്യാറെടുപ്പ് എന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ആ തയ്യാറെടുപ്പ് ഇവിടെ കണ്ടു. 210 സ്വകാര്യ മാനേജുമെൻറ് സ്കൂളുകളും ഈ +2 ഏർപ്പാടുചെയ്യുന്നതിനുവേണ്ടി സെലക്റ്റു ചെയ്തുകഴിഞ്ഞിട്ട് അതിന് അച്ചാരവും വാങ്ങിക്കഴിഞ്ഞു. അതാണ് ഈ മുന്നൊരുക്കം. ഇത് അടുത്ത കൊല്ലമേ നടപ്പാക്കുകയുള്ളൂ. പക്ഷേ ഇക്കൊല്ലം തന്നെ ഇതിനുള്ള ഏർപ്പാടുകളും എന്തിനു നടത്തണം. ഒരു സാങ്കേതിക വാക്കിന്റെ പ്രശ്നമല്ല.....(ബഹളം)..... ദേശീയ വിദ്യാഭ്യാസ നയത്തിൽ തന്നെ പറഞ്ഞിട്ടുണ്ട് അത് വൊക്കേഷണലായിട്ട് മാറണമെന്നുള്ളത്. അതിനായി ഒരുപാട് സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. അതിന് വേണ്ട സംവിധാനങ്ങളും സ്കൂളുകളിൽ ഉണ്ടാക്കണം. ആ സംവിധാനമുണ്ടാക്കാൻ ഈ ഒറ്റ വർഷം കൊണ്ട് കഴിയുകയില്ലെന്ന് കേന്ദ്ര ഗവൺമെൻറിന് ബോദ്ധ്യമാണ്. കേന്ദ്ര ഗവൺമെൻറ് പറയുന്നത് 1990–ൽ 10 ശതമാനം സ്കൂളുകളിൽ ഈ വൊക്കേഷണൽ സമ്പ്രദായം നടപ്പാക്കണമെന്നാണ്. അത്തരത്തിലുള്ള ഒരു പ്രശ്നം ഇവിടെ പെട്ടെന്ന് ഈ വർഷം നടപ്പാക്കാനുള്ള മുന്നൊരുക്കം എന്ന് പറഞ്ഞാൽ ഇതുവരെ വിദ്യാഭ്യാസ മേഖല സ്വകാര്യ മേഖലയ്ക്ക് അടിയറവച്ച്, വച്ച് അവസാനം +2 കൂടി ഈ സ്വകാര്യ മേഖലയ്ക്ക് അടിയറ വയ്ക്കാനാണ് നീക്കം. അതിനെതിരായി സമരം ചെയ്യാൻ ഈ രാജ്യത്തെ എല്ലാവർക്കും അവകാശമുണ്ട്. യൂണിവേഴ്സിറ്റി ജീവനക്കാർക്കും അദ്ധ്യാപകർക്കും അവകാശമുണ്ട്. അഭിപ്രായം പറയാൻ ഐ.എൻ.ടി.യു.സി. ക്കാരനും സി.ഐ.ടി.യു. ക്കാരനും ഏതു തൊഴിലാളിക്കും അവകാശമുണ്ട്. ഈ ഗവൺമെൻറ് ഒരു ജനാധിപത്യ ഗവൺമെൻറാണ്. മന്ത്രി പറയുന്ന നയപരമായ തീരുമാനമാണ്; അതിന് മാറ്റമില്ലെന്നാണ് പറയുന്നത്. ഒരു ജനാധിപത്യ ഗവൺമെൻറിന്റെ നയപരമായ തീരുമാനം മാറ്റണമെന്ന് പറയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. ഇതിനുമുമ്പ് അങ്ങനെ മാറ്റിച്ചിട്ടുണ്ട്. മെഡിക്കൽ പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാഭ്യാസം, പോളിടെക്നിക്കൽ വിദ്യാഭ്യാസം, ഇവ സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കാൻ ഗവൺമെൻറ് എടുത്ത തീരുമാനം മാറ്റിയിട്ടുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. അതിലൊന്നും ഒരുഅപാകതയുമില്ല. കരിങ്കൊടി കാണിച്ചതിന്നു വിദ്യാർത്ഥിനികളെ ഉത്തരവാദപ്പെട്ട പോലീസ് ഓഫീസർമാർ ഗവർണ്ണരുടെ മുൻപിൽവച്ചാണ് ചെകിട്ടത്തടിച്ചത്. നമ്മുടെ വിദ്യാർത്ഥികളെ തെരുവിലേക്ക് തള്ളിവിട്ടതു ഈ ഗവൺമെൻറാണ്. ആ രീതിയിൽ ഈ പ്രശ്നത്തെ സമീപിക്കുന്നതിൽനിന്ന് ഗവൺമെൻറ് പിൻമാറണം.

LIBRARY ARCHIVES Kerala Legislative Assembly

പിൻമാറാത്തിടത്തോളം കാലം ഇവിടെ വിദ്യാഭ്യാസ മേഖലയെ നല്ല നിലയിൽ നടത്തിക്കൊണ്ടു പോകുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. വിശദമായ ഒരു ചർച്ചയ്ക്കു ശേഷമേ ഇതിൽ എന്തെങ്കിലും തീരുമാനമെടുക്കാൻ പറ്റുകയുള്ളൂ എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അത് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്ക് ഔട്ട് നടത്തുന്നു. (ശ്രീ. കെ.പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മാറംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോയി)

ശ്രീ. എ.സി. ഷൺമുഖദാസ്: നിയമസഭയുടെ ഇന്നത്തെ ചോദ്യോത്തരവേള വളരെ അപൂർവ്വമായ ഒരു ദിവസമായിരുന്നു. ഒരു മണിക്കൂർ നേരം അങ്ങ് ഈ ചോദ്യത്തിനു സമയം അനുവദിച്ചത് ഈ പ്രശ്നം വളരെ ഗൗരവമായ ഒരു കാര്യമായി കേരളത്തിൽ വന്നിരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരപ്രമേയത്തിനു മറുപടി പറഞ്ഞപ്പോഴും അത് ഒരു പ്രശ്നമേയല്ല അതെല്ലാം മുറപോലെ നടക്കുമെന്നു പറഞ്ഞു. സർ, ഇത് മനഃപ്പൂർവ്വം വരുത്തിവച്ചതാണ്. എന്നാൽ മുഖ്യമന്ത്രിയും ഇന്ന് വിദ്യാഭ്യാസമന്ത്രിയും പ്രതിപക്ഷത്തോട് ചോദിച്ചു ഈ പരീക്ഷയുടെ വാല്യുവേഷൻ കഴിയുന്നതുവരെ സമരത്തിൽനിന്ന് പിൻവാങ്ങാൻ നിങ്ങൾ സമരക്കാരോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന്. ഗവൺമെൻറിനോട് ഞാൻ ചോദിക്കുന്നു; പിടിവാശി ഇല്ലാതെ ദുർവാശി ഇല്ലാതെ ജനങ്ങളുടെ ഭാവി കാത്തു സൂക്ഷിക്കേണ്ടതു ആരാണ്? എന്താണ് സർ, മേയ് 15-ന് ക്യാബിനറ് ഡിസിഷൻ എടുത്തത്? അപ്പോൾ കോളേജുകളും വിദ്യാലയങ്ങളുമൊക്കെ പൂട്ടി ഇട്ടിരിക്കുകയായിരുന്നു. അതിനെതിരായി വരാനിടയുള്ള സമരത്തെ മുഴുവൻ മുന്നിൽ കണ്ടുകൊണ്ട് ഇതാണ് ഇതിന് പറ്റിയ സമയമെന്ന് വിചാരിച്ചുകൊണ്ടല്ലേ അന്നു ക്യാബിനറ് ഡിസിഷൻ എടുത്തത്. അങ്ങനെ വളഞ്ഞ വഴിയിലൂടെ തന്ത്രപരമായി, ചർച്ച നടത്തിയാൽ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കക്ഷി രാഷ്ട്രീയത്തിന് അതീതമായി എല്ലാവരുടേയും എതിർപ്പുണ്ടാകുമെന്ന് പൂർണ്ണ ബോദ്ധ്യമുള്ളതുകൊണ്ടല്ലേ അങ്ങനെ തീരുമാനം എടുത്തത്. വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട സകല ആളുകളും വീട്ടിലിരിക്കുന്ന ഈ സമയം നോക്കിയല്ലേ തന്ത്രപരമായി ക്യാബിനറ് ഈ തീരുമാനം എടുത്തത്. ഇവിടെ മന്ത്രി മറുപടി പറയുകയുണ്ടായി ഇതിന്റെ സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ച് ഗവൺമെൻറ് പഠിച്ചിട്ടില്ല, ഇതിന്റെ ഭാവിയെക്കുറിച്ച് ആരും ആലോചിച്ചില്ല എന്ന്. ടെർമിനലാണ് ഉദ്ദേശിക്കുന്നതെങ്കിൽ, ഡിഗ്രി കോഴ്സിലേയ്ക്ക് വിദ്യാർത്ഥികളുടെ പ്രവാഹം കുറയ്ക്കാനാണ് +2-ന്റെ നിദാനമെങ്കിൽ അതിന്റെ ഉപാധിയെ സംബന്ധിച്ചിടത്തോളം ഒരു സ്കെലിറ്റൻ വർക്കും നടത്തിയിട്ടില്ലേ? ഇങ്ങനെയുള്ള ഒരു ഘട്ടത്തിൽ എന്തിനാണ് ഇത്ര ധൃതി പിടിച്ച്, ജീവനക്കാർക്ക് ഭയം തോന്നുന്ന രീതിയിൽ ഈ തീരുമാനം ഗവൺമെൻറ് എടുത്തത്? ഇങ്ങനെ തീരുമാനമെടുത്തുകൊണ്ടു തന്നെയാണ് വാല്യുവേഷൻകാര്യവും പരീക്ഷാഫലവും ഇപ്പോൾ ഈ സ്ഥിതിയിൽ എത്തിച്ചേർന്നത്. സർ, ഇന്നലെ രാജസ്ഥാനിൽ നേഴ്സിംഗിനു അപേക്ഷിക്കാനുള്ള അവസാന തീയതിയായിരുന്നു. ആയിരക്കണക്കിനു പെൺകുട്ടികളും രാജസ്ഥാനിൽ നേഴ്സിംഗിനു അപേക്ഷിക്കാറുണ്ട്. ശ്രീമാൻ ജേക്കബ്, ആ പെൺകുട്ടികളുടെ കുടുംബത്തിലെ അമ്മമാരുടെ ശാപത്തിൽനിന്നു അങ്ങ് രക്ഷപ്പെടുകയില്ല. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഈ സംസ്ഥാനത്ത് ആ കുട്ടികളുടെ ഭാവി സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട അങ്ങ് പിടിവാശിയുടേയും, ദുർവാശിയുടേയും, അഹങ്കാരത്തിന്റേയും പേരിൽ, അല്ലേ ഇങ്ങനെ നിൽക്കുന്നത്?
..... (ബഹളം)..... സദുദ്ദേശത്തോ

LIBRARY ARCHIVES Kerala Legislative Assembly

ടുകൂടി വിവരമുള്ള ആളുകൾ പരിപാടി ആവിഷ്കരിക്കുന്നു. ശ്രീ. ജേക്കബ് കഴിഞ്ഞ നാലു കൊല്ലക്കാലമായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ സദുദ്ദേശപരമല്ല. ദുരുദ്ദേശപരമാണ്. അതിന്റെ പിന്നിൽ ലക്ഷ്യമുണ്ട്. ആ ലക്ഷ്യമാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഇത്രയും രൂക്ഷമായി ബാധിച്ചിരിക്കുന്നത്. ശ്രീ. ജേക്കബ് അങ്ങ് ചെയ്യുന്നത് ഭാവി തലമുറയോടുള്ള കടുത്ത അനീതിയാണ്. അതുകൊണ്ട് ഈ പ്രശ്നം ചർച്ച ചെയ്യണം. കേരള, കാലിക്കട്ട് യൂണിവേഴ്സിറ്റികളുടെ റിസൾട്ടിന്റെ തീരുമാനമുണ്ടായില്ല. കോട്ടയം യൂണിവേഴ്സിറ്റിയുടെ റിസൾട്ടിൽ തീരുമാനമുണ്ടായി. മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോഴും മറ്റ് യൂണിവേഴ്സിറ്റികളുടെ റിസൾട്ട് എന്നത്തേയ്ക്കാകുമെന്നു പറയാനുള്ള ധൈര്യം കാണിച്ചില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ..... സർ, അങ്ങ് റൂളിങ്ങ് നൽകിയതിനു ശേഷം വാക്ക്ഔട്ട് നടത്തുന്നതിനായി സ്റ്റേറ്റ്മെന്റ് നടത്തുന്നത് മനസ്സിലാക്കാം. ഈ ഇഷ്യൂവിൻമേലുള്ള ഡിബേറ്റ് നടത്തുന്നത് ഓർഡറിലാണോ?

ശ്രീ. എ.സി. ഷൺമുഖദാസ്: എന്തുകൊണ്ടാണ് ഈ അടിയന്തിര പ്രമേയം അവതരിപ്പിച്ചത്. ഗൗരവപ്പെട്ട പ്രശ്നമാണെന്ന് സഭയെ ബോദ്ധ്യപ്പെടുത്താനാണ്. മുഖ്യമന്ത്രിക്ക് അത് ബോദ്ധ്യപ്പെട്ടില്ല. സർ, ഇന്നലെ പറഞ്ഞു സി.ഐ.ടി. യു. ക്കാരുമായി ചർച്ച ചെയ്യുമെന്നൊക്കെ. കാലിക്കട്ട് കേരളാ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്ക് പ്രാതിനിധ്യമുണ്ട്. നിയമത്തിൽ എഴുതി വച്ചിട്ടുള്ളതാണ്. അദ്ദേഹത്തിന് ഇപ്പോൾ തൊഴിലാളി സംഘടനകളെ പുച്ഛമായിരിക്കാം. നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിൽ രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകൾക്ക് സെനറ്റിലേക്ക് പ്രാതിനിധ്യം വച്ചത് തൊഴിലാളി സംഘടനകൾക്കുകൂടി ഈ വക കാര്യങ്ങളിൽ അഭിപ്രായം പറയാനുള്ള അവസരം കൊടുക്കാൻ വേണ്ടിയാണ്. ഇതൊന്നും അങ്ങേയ്ക്ക് മനസ്സിലാകുകയില്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യമേഖല പണയപ്പെടുത്താനുള്ള തന്ത്രപരമായ നയത്തിന്റെ ഭാഗമാണിത്. അതിനെപ്പറ്റി ചർച്ച ചെയ്തില്ലെങ്കിൽ ഈ വർഷം വിദ്യാഭ്യാസം നടക്കുകയില്ല. ആസ്സാമിൽ രണ്ടു വർഷം വിദ്യാഭ്യാസം ശൂന്യമായി നിന്നു. അത് ഇവിടെ ആവർത്തിക്കണമെന്നാണോ ശ്രീമാൻ ജേക്കബ് ആഗ്രഹിക്കുന്നത്. എങ്കിൽ പിടിവാശിയോടുകൂടി മുന്നോട്ട് പോകുക. അല്ലെങ്കിൽ ഈ തീരുമാനം ഇന്ന് പിൻവലിക്കുക.

മി. സ്പീക്കർ: ശ്രീ. ഷൺമുഖദാസ്, പറഞ്ഞത് തന്നെ വീണ്ടും വീണ്ടും ആവർത്തിക്കുകയാണോ? ദയവായി പറഞ്ഞ് നിർത്തണം.

ശ്രീ. എ.സി. ഷൺമുഖദാസ്: പക്ഷേ ഞങ്ങളോട് ഇവിടെ വച്ച് ഉറപ്പ് തരണം. ഈ പിടിവാശി ഉപേക്ഷിക്കണം. ഇക്കാര്യം ഇവിടെ ചർച്ച ചെയ്യണം. ചർച്ചയ്ക്ക് അവസരം തരാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയാണ്. (ശ്രീ. എ.സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോയി)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: സർ, ഇവിടെ അവതരിപ്പിച്ച അടിയന്ത പ്രമേയത്തിന്റെ ഗൗരവം എല്ലാവർക്കുമറിയാം. അങ്ങ് തന്നെ അസാധാരണമായ രീതിയിൽ ഇതിന് ഒരു മണിക്കൂർ സമയം അനുവദിച്ചു. അങ്ങ് ഇതിനെപ്പറ്റിയുള്ള റൂളിംഗ് നൽകിയപ്പോഴും അങ്ങയുടെ മുഖഭാവം ശ്രദ്ധിച്ചു. വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു ഇതിന് അനുമതി നിഷേധിക്കാൻ. ഞാൻ അതിനെപ്പറ്റി ഒന്നും കൂടുതലായി സംസാരിക്കുന്നില്ല, ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രി പറഞ്ഞു ഇവിടെ ഒരു കുഴപ്പവുമില്ല. ഭാഗികമായി ചിലതൊക്കെ നടക്കുന്നുയെന്നേയുള്ളൂ എന്ന്. സർ, ഞാൻ അറിയാൻ വേണ്ടി ചോദിക്കുകയാണ്. പ്രീഡിഗ്രി ഫസ്റ്റ് ഇയർ കോഴ്സിന്റെ അഡ്മിഷൻ വല്ലതും നടന്നോ? പ്രീഡിഗ്രിക്ക് സെക്കൻറ് ഇയർ ക്ലാസ്സുകളിൽ ഉള്ള പ്രൊമോഷൻ നടന്നോ? ഡിഗ്രി ക്ലാസ്സുകളിലേക്ക് വല്ല അഡ്മിഷനും നടന്നോ? ഇതൊക്കെയാണല്ലോ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടക്കുന്നത്. ഇത് വിദ്യാഭ്യാസ സ്തംഭനം അല്ലെങ്കിൽ പിന്നെ എന്താണ്? യൂണിവേഴ്സിറ്റികളുണ്ട് കോളേജുകളുണ്ട് പക്ഷേ, വിദ്യാർത്ഥികൾക്ക് പ്രവേശനമില്ല, പഠിത്തമില്ല. സ്തംഭനമൊന്നുമില്ലെന്ന് ആണ് മന്ത്രി പറയുന്നത്. ഇത്ര ലാഘവബുദ്ധിയോടുകൂടി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടി പറയുന്ന ഏർപ്പാടാണിത്? ഇങ്ങനെയാണ് ഇവർ പ്രശ്നങ്ങളെ സമീപിക്കുന്നത്. എനിക്ക് ഇപ്പോഴും ന്യായമായ സംശയമുണ്ട്, ഈ പ്രീഡിഗ്രി യൂണിവേഴ്സിറ്റിയിൽ നിന്ന് ഡീലിങ്ക് ചെയ്ത പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിന് ധൃതി പിടിച്ചു എടുത്ത ഈ നടപടിയിൽ. വളരെ അടിസ്ഥാനപരമായ മാറ്റങ്ങളെപ്പറ്റി വർഷങ്ങളായി പലരും ആലോചിക്കുകയും കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതികളിൽ നീണ്ടുനീണ്ട് പോകുകയും ചെയ്ത കാര്യമാണിത്. ഭരണാധികാരികൾക്ക് ഇത് അറിയില്ലേ? ഇങ്ങനെ ഒരു തീരുമാനം ഉണ്ടാകുന്നതിനു മുൻപ് വിശദമായ ഒരു ഡയലോഗ് നമ്മുടെ നാട്ടിൽ നടത്തിയിരിക്കണമെന്ന് അറിഞ്ഞുകൂടേ? ഇതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് തുറന്ന ചർച്ച വിദ്യാഭ്യാസ രംഗത്ത് പ്രഗൽഭരായ ആളുകളുമായി നടത്തണമെന്ന് അറിയില്ലേ. രക്ഷിതാക്കളുമായും രാഷ്ട്രീയ പ്രവർത്തകരുമായും രാഷ്ട്രീയ പാർട്ടികളുമായും ഒരു തുറന്ന ചർച്ച ഇതിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നടത്തേണ്ടേ? കാരണം മറ്റൊന്നുമല്ല. സങ്കീർണ്ണമായ പ്രശ്നങ്ങൾ നമ്മുടെ കേരളത്തിലുണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ ഈ ഗവൺമെന്റ് ഇങ്ങനെ ഒരു ചർച്ച നടത്തിയോ? അടിസ്ഥാനപരമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഈ നയപരമായ തീരുമാനം എടുക്കുന്നതിനു മുൻപ് ഒരു ചർച്ച നടത്തിയിരുന്നെങ്കിൽ എനിക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഇത് സ്വേച്ഛാധിപത്യപരമായ ഒരു സമീപനമാണ്. ആരുമായിട്ടും ചർച്ച ചെയ്യേണ്ടകാര്യമില്ല. അങ്ങേയ്ക്ക് തന്നെ ഇതിന്റെ ഗൗരവം അറിയാമല്ലോ. സഭാ നേതാവു തന്നെ ഇതിന്റെ ഗൗരവം മനസ്സിലാക്കി ചർച്ചയ്ക്ക് അവസരം തരേണ്ടതായിരുന്നു. ഞാൻ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ പറയാതിരിക്കാൻ നിർവ്വാഹമില്ല. സ്വേച്ഛാധിപത്യപരമായിട്ടാണ് തീരുമാനമെടുത്തത്. ഇവിടെ എല്ലാവർക്കും അറിയാമല്ലോ കോളേജദ്ധ്യാപകർക്ക് ഇതിൽ എതിർപ്പുണ്ടാകുമെന്ന്; യൂണിവേഴ്സിറ്റി ജീവനക്കാർക്ക് ഇതിൽ എതിർപ്പുണ്ടാകുമെന്ന്; അദ്ധ്യാപകേതര ജീവനക്കാർക്ക് ഇതിൽ എതിർപ്പുണ്ടാകുമെന്ന്; ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. വാല്യുവേഷൻ എല്ലാംതീരാറായ ഘട്ടത്തിലാണ് സമരം തുടങ്ങിയത് എന്ന്. കുഞ്ഞുങ്ങളുടെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന ഭരണാധികാരികളോടു ഞാൻ ചോദിക്കുന്നു എന്തിനാണ് ധൃതിപിടിച്ച് ഈ മേയ് 15–ാം തീയതിതന്നെ നയപരമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം എടുത്തത്? അതിന്റെ ഇംപ്ലിക്കേഷൻസിനെ സംബന്ധിച്ച് ഒന്നും പഠിക്കാതെ ഈ തീരുമാനമെടുത്തതെന്തിനാണ്? നിങ്ങൾ എന്തിനാണ് ഈ പ്രശ്നം ഉണ്ടാക്കിയത്. നിങ്ങൾക്ക് അതിന്റേതായ ഉദ്ദേശം കാണും. ഇതു സംബന്ധിച്ച് വിശദമായ ചർച്ച വേണം. ഒരു ചർച്ചയും ഇല്ലാതെ ഇങ്ങനെയൊരു നടപടിയെന്തിനാണ് സർ. പെണ്ണ കുട്ടികളെ തല്ലിച്ചതച്ചു സർ. വളരെ മോശമായിപ്പോയി. മോശപ്പെട്ട വിചാരമാണ് ഇതിന്റെ പിന്നിലുള്ളത്. അതുകൊണ്ട് ഇതു ചർച്ചയ്ക്ക് അവസരം നൽകണം. ഇതിന്റെ ചർച്ചയ്ക്ക് അവസരം നൽകാതിരിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി)

ശ്രീ.പി.സീതിഹാജി: ഇങ്ങനെ ഗവൺമെന്റിനെ പരാമർശിച്ചാൽ ഞങ്ങളും വാക്കൗട്ടു നടത്തും.

മി.സ്പീക്കർ: അങ്ങേയ്ക്ക് ഇറങ്ങിപോകാനുള്ള സ്വാതന്ത്ര്യമുണ്ട്. അങ്ങ് ചെയറിനെ നിയന്ത്രിക്കാൻ നോക്കേണ്ട. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്.

ശ്രീ.പി.സീതിഹാജി: എന്താ, സ്പീക്കർരാജാവാണോ?

മി.സ്പീക്കർ: ചെയറിനെ ആരും നിയന്ത്രിക്കാൻ നോക്കേണ്ട. അങ്ങേക്ക് പ്രത്യേക അധികാരമൊന്നുമില്ല. ചെയറിനെപ്പറ്റിയുള്ള അങ്ങയുടെ പരാമർശം പിൻവലിക്കൂ. (.....ബഹളം.....)

ശ്രീ.കെ.ചന്ദ്രശേഖരൻ: സർ, ഇതൊന്നും ഈ പ്രശ്നത്തിന്റെ ഗൗരവത്തെ കുറയ്ക്കുകയില്ലെന്നു ഞാൻ വിചാരിക്കുകയാണ്. വിദ്യാഭ്യാസമന്ത്രിയുടെ മറുപടി പ്രസംഗമാണ് ഇത് ചർച്ച ചെയ്യണമെന്നു പറയാനുള്ള ഏറ്റവും വലുതായിട്ടുള്ള ന്യായീകരണം. വിദ്യാഭ്യാസ മന്ത്രി പറഞ്ഞു, പേരിൽ തർക്കമൊന്നുമില്ല, ഏതു പേരു വേണമെങ്കിലും സ്വീകരിക്കാം, പേരിലല്ല തർക്കം എന്ന്. അതിന്റെ ഉള്ളടക്കത്തിലാണ് തർക്കം. ഹയർ സെക്കൻഡറി എന്നു പറയുമ്പോൾ അതിന് ടെർമിനൽ സ്വഭാവമുണ്ട്. വൊക്കേഷണൽ സ്വഭാവമുണ്ട്. ഇന്നത്തെ പ്രീഡിഗ്രിക്ക് ആ സ്വഭാവമൊന്നുമില്ല. അതുകൊണ്ട് പേരിലാണ് തർക്കം എന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി ലാഘവബുദ്ധിയോടുകൂടി പോകുന്നതു ശരിയല്ല. എന്നെ വിരൽ ചൂണ്ടികൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇൻഡ്യയിലെ 23 സംസ്ഥാനങ്ങളിലുണ്ട്, ഒരു സംസ്ഥാനത്തെത് അനുകരിക്കാൻ തയ്യാറാണെന്ന് മറ്റു സംസ്ഥാനങ്ങളിൽ ചെയ്യുന്ന കാര്യങ്ങൾ മന്ത്രി പഠിക്കുവാൻ മുതിർന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇതിനു വേണ്ടി ബഹുമാനപ്പെട്ട മന്ത്രി രണ്ടാഴ്ച ലീവെടുത്ത്, വീണ്ടും കർണ്ണാടകയിൽ പോകണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. അദ്ദേഹം അതിന്, തയ്യാറാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ചോദ്യോത്തരവേളയിൽ ഡയാർക്കിയെപ്പറ്റിയും ഡ്യൂവൽ കൺട്രോളിനെപ്പറ്റിയും പറഞ്ഞതും അദ്ദേഹം തീരെ വിട്ടുകളഞ്ഞു. അതിനെപ്പറ്റി അദ്ദേഹം ഒരൊറ്റ വാക്കുപോലും ഇതുവരെ സംസാരിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഷൺമുഖദാസ് അതിനെപ്പറ്റി സംസാരിച്ചിട്ടും അദ്ദേഹം അതേപ്പറ്റി ഒരക്ഷരംപോലും സംസാരിച്ചിട്ടില്ല. ഈ സംസ്ഥാനത്ത് ആരാണ് കുറ്റക്കാർ എന്നുള്ളതിലേക്ക് ഒന്നും പോകേണ്ട. ഇതിന്റെ ഫലം എന്താണ്? ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ കുട്ടികൾക്ക്, ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്വം ഈ ഗവൺമെന്റിനേതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇൻഡ്യയിലെ ക്രീം ഓഫ് ഇന്റലിജൻസാണ് ഐ.ഐ.ടി.യിലേക്ക് പോകുന്നത്. ഐ.ഐ.ടി. യിലേക്ക് പോകുവാനുള്ള അവസരം ഈ സംസ്ഥാനത്തെ ക്രീം ഓഫ് ഇന്റലിജൻസിന് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം ഉത്തരവാദിത്വത്തിൽനിന്ന് പിൻമാറാൻ ഈ സംസ്ഥാനത്തെ ഗവൺമെന്റിനു കഴിയുകയില്ല. ഈ സംസ്ഥാനത്തിലെ യൂണിവേഴ്സിറ്റിയുടെ നേർക്ക് വിരൽ ചൂണ്ടിക്കൊണ്ട് അവർ ചെയ്യുന്ന ദുഷ്കൃത്യങ്ങളെപ്പറ്റി പറഞ്ഞുകൊണ്ട് തടി തപ്പാൻ ശ്രമിക്കുന്നത് ശരിയല്ല. ഇത്തരത്തിലുള്ള സമര പരിപാടികൾ ഉണ്ടാകുമ്പോൾ അത്തരത്തിലുള്ള പ്രവർത്തനം അതിന്റെ ഭാഗമായിരിക്കും. അതെല്ലാം പാർട്ട് ഓഫ് ദി ഗെയിം എന്നുള്ള നിലയ്ക്ക് എല്ലാവരും എടുക്കേണ്ടതായിട്ടുവരും. ആ ഗെയിം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാത്ത ഈ ഗവൺമെന്റിന്റെ നടപടികളിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും സഭവിട്ടിറങ്ങിപ്പോയി).

മി.സ്പീക്കർ: ഇന്ന് നിയമസഭയ്ക്കകത്ത് പ്രധാനപ്പെട്ട പല പ്രശ്നങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. ആ പ്രശ്നങ്ങളുടെ പ്രാധാന്യം കൂടി കണക്കിലെടുത്തുകൊണ്ടാണ് അതിനുള്ള ഉദാരമായ സമീപനം സ്വീകരിച്ചിട്ടുള്ളത്. ഗവൺമെന്റു ഭാഗത്തുനിന്നുള്ള വിശദീകരണം ആവശ്യമാണെന്നുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് 25 മിനിട്ട് സംസാരിക്കാൻ സമയം നൽകിയത്. ഇവിടെ ചോദ്യങ്ങൾ ചോദിച്ചപ്പോഴും വളരെ ഉദാരമായ ഒരു സമീപനമാണ് സ്വീകരിച്ചത്. അത് ഈ സഭയിലെ സംഘർഷം ഒഴിവാക്കാനാവശ്യമാണെന്നുള്ള ഉത്തമബോദ്ധ്യത്തോടുകൂടിയാണ് ചെയർ ചെയ്തത്. ബഹുമാനപ്പെട്ട അംഗം ശ്രീ.സീതിഹാജി നടത്തിയ പരാമർശനം നിർഭാഗ്യകരമായിപ്പോയി. ആ തരത്തിലുള്ള പരാമർശനങ്ങളിലൂടെ ചെയറിന്റെ പ്രവർത്തനങ്ങളെ ആരെങ്കിലും സ്വാധീനിക്കാൻശ്രമിക്കുന്നുണ്ടെങ്കിൽ അത് യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. അത് ഞാൻ വിനയസമേതം അറിയിക്കുകയാണ്. അതുകൊണ്ട് സ്പീക്കറെക്കുറിച്ച് നടത്തിയ പരാമർശം ദയവായി അങ്ങു പിൻവലിക്കണം.

ശ്രീ.പി.സീതിഹാജി: ഞാൻ അങ്ങയുടെ അധികാരത്തെ ചോദ്യം ചെയ്തതല്ല. ഇവിടെ അടിയന്തിരപ്രമേയം ചർച്ച ചെയ്തു കഴിഞ്ഞാൽ വാക്കൗട്ട് നടത്തും എന്നു പറഞ്ഞതല്ലാതെ.....
(.....ബഹളം.....)

മി.സ്പീക്കർ: അങ്ങയുടെ വിശദീകരണം വേണ്ട. സീതിഹാജി പറഞ്ഞ ഭാഗം പിൻവലിക്കുന്നുണ്ടോ ഇല്ലയോ എന്നു മാത്രം പറഞ്ഞാൽ മതി. അല്ലാത്തപക്ഷം രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ശ്രീ.പി.സീതിഹാജി: ബഹുമാനപ്പെട്ട സ്പീക്കറെപ്പറ്റി ഞാൻ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ ഖേദപൂർവം പിൻവലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly